കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വൈത്തിരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി പി1-755(എ)/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്
കൽപ്പറ്റ - 673121
തീയതി: 03.02.2020
Phone- 04936 203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വൈത്തിരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വൈത്തിരി ഗ്രാമപഞ്ചായത്ത്-2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ ഡബ്ല്യ.വൈ.ഡി.പി1755(എ)/2019 തിയ്യതി: 03.02.2020.

## വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2018 മുതൽ 31.08.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 1.4.2018 മുതൽ 31.03.2019 തിയ്യതി വരെവിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 20 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.പി.എസ്.വസന്ത, ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.09.2019 മുതൽ 27.09.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നവാസ്.കെ.എം | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.ഡേവിഡ്.കെ.വി | അസി.ഓഡിറ്റ്ഓഫീസർ. |
| | ശ്രീ.അലി അക്ബർ.കെ | അസി.ഓഡിറ്റ്ഓഫീസർ. |
| | ശ്രീമതി.റ്റിജി വർഗ്ഗീസ് | ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഉഷാകുമാരി.വി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ആലി.വി | 01.04.2018 മുതൽ 26.06.2018 വരെ |
| | [illegible] | [illegible] |

| | | |
|---|---|---|
| | ശ്രീ.കെ.ജി സുകുമാരൻ | 27.06.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീ.സുരേഷ് എം.ബി. | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ടെസ്സി.കെ.ജേക്കബ്ബ് | 01.04.2018 മുതൽ 31.07.2018 വരെ |
| | ശ്രീ.രാവുണ്ണി കെ.കെ | 31.07.2018 മുതൽ 18.08.2018 വരെ |
| | ശ്രീമതി.ശ്രുതി ലക്ഷ്മി | 19.08.2018 മുതൽ 31.03.2019 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.വി.ആർ താര | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഗീത എൻ.പി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.ദിവ്യ.എം. | 01.04.2018 മുതൽ 15.05.2018 വരെ |
| | ഡോ.സുഷമ | 16.05.2018 മുതൽ 06.06.2018 വരെ<br>23.11.2018 മുതൽ 05.12.2018 വരെ |
| | ഡോ.അഭിലാഷ് എ പി | 07.06.2018 മുതൽ 22.11.2018 വരെ |
| | ഡോ.ജോയ് അലക്സ് | 06.12.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സതീഷ്കുമാർ പി.കെ. | 01.04.2018 മുതൽ 05.04.2018 വരെ<br>07.05.2018 മുതൽ 12.07.2018 വരെ |
| | ഡോ. അഷിത എ.കെ(അഡി.ചാർജ്ജ്) | 06.04.2018 മുതൽ 06.05.2018 വരെ |
| | ഡോ.സോണി ബി ജെ | 13.07.2018 മുതൽ 26.07.2018 വരെ |
| | ഡോ.വിജയറാണി എം കെ | 27.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. മായ ജോർജ്ജ് | 01.04.2018 മുതൽ 01.07.2018 വരെ |
| | ഡോ.ബിജുല ബാലകൃഷ്ണൻ | 01.07.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. കരീം.പി.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. ബിജു വി.ജി | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.വിപിൻ ശ്യാം | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീ.വിനോദ് ആന്റണി | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | 1-2 വാർഷികധനകാര്യപത്രിക |
| 3 | 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| 13 | 1-13 | ഡി & ഒ. ലൈസൻസ് നൽകുന്നതിലെ അപാകതകൾ |
| 14 | 1-14 | തൊഴിൽനികുതി പിരിവിലെ അപാകതകൾ |
| 15 | 1-15 | പണം പിൻവലിക്കൽ - അപാകതകൾ |
| 16 | 1-16 | റിസോർട്ടിലെ അനധികൃത നിർമ്മാണം വരുമാന നഷ്ടം |
| 17 | 1-17 | ഗസൽ പാടിയ ഫ്ലാറ്റ്, ചുണ്ടേൽ വസ്തുനികുതി മുഴുവനായി ഈടാക്കിയിട്ടില്ല. |
| 18 | 1-18 | ക്രമവിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കി |
| 19 | 1-19 | മരാമത്ത് പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയത് – മേലുദ്യോഗസ്ഥൻ ചെക്ക് മെഷർ ചെയ്യാതെ തുക അനുവദിച്ചു. |
| 20 | 1-20 | എട്ടവിരുദ്ധമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. |
| 21 | 1-21 | മരാമത്ത് പ്രവൃത്തിയുടെ ടെണ്ടർ ക്രമപ്രകാരമല്ല. |
| 22 | 1-22 | തൊഴിലുറപ്പുപദ്ധതി വിഭാഗത്തിലെ ജീവനക്കാരുടെ വേതനം |
| 23 | 1-23 | വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേക്ക റിപ്പോർട്ടും ഹാജരാക്കിയില്ല. |
| 24 | 1-24 | ശാസ്ത്ര പുസ്തകം വാങ്ങാൽ 33 % കിഴിവ് ലിച്ചില്ല. |
| 25 | 1-25 | കുട, ബാഗ് ടെണ്ടർ നിരക്കിനേക്കാൾ തുക അധികം നൽകി. |
| 26 | 1-26 | കരാൽ തുകയേക്കാൾ അധികം തുക നൽകി. |
| 27 | 1-27 | പകൽവീട്, ഉച്ചഭക്ഷണം – ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല. |
| 28 | 1-28 | നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ബാങ്ക് അക്കൗണ്ട്. |
| 29 | 1-29 | മരാമത്ത് പ്രവൃത്തി യഥാസമയം പൂർത്തിയാക്കിയിട്ടില്ല- നടപടിസ്വീകരിച്ചിട്ടില്ല. |
| 30 | 1-30 | ഹരിത കർമ്മസേനയുടെ രശീതി ബുക്ക് ഉപയോഗത്തിലെയും യൂസർ ഫീ പിരിവിലെയും അപാകതകൾ |
| 31 | 4-1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 32 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 33 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 34 | 4-4 | വായ്പ/വായ്പാതിരിച്ചടവ് |
| 35 | 4-5 | സ്ഥിര നിക്ഷേപം |
| 36 | 4-6 | ഓഡിറ്റ് റിക്കവറി |
| 37 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 38 | 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 39 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |

| | | |
|---|---|---|
| 40 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 41 | Anexure-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 42 | Anexure-2 | വാർഷിക കണക്കിലെ അപാകതകൾ |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

22/03/2019 തീയതിയിലെ01/(1)/18തീരുമാനപ്രകാരം അംഗീകരിച്ചു. 21.02.209 തീയതിയിലെ 1/1 തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 24.05.2019 | | |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 3,81,75,917 |
| വരവ് | ₹7,90,36,093 |
| ആകെ | ₹11,72,12,010 |
| ചെലവ് | ₹9,08,75,230 |
| നീക്കിയിരിപ്പ് | ₹2,63,36,780 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,46,41,660 | 1,46,41,660 | 1,46,41,660 | -- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 62,18,895 | 62,18,895 | 62,18,895 | -- |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 17,65,365 | 17,65,36 | 17,65,365 | -- |
| മെയിന്റനൻസ്, റോഡ് | 0 | 33,39,639 | 33,39,639 | 33,39,639 | -- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 25,25,708 | 25,25,708 | 25,25,708 | -- |
| സെൻട്രൽ ഫിനാൻസ് | 0 | 51,41,791 | 51,41,791 | 51,41,791 | 51,41,791 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | |
| ട്രഷറി ടി എസ് ബി ജനറൽ പർപ്പസ് | 7,02,838 | 59,00,748 | 66,03,586 | 65,78,805 | 1,24,781 |
| തൊഴിലുറപ്പ് പദ്ധതി | 6,358 | 8,66,767 | 8,73,125 | 8,65,350 | 7,775 |
| ബി ആർ ജി എഫ് (എസ്.ബി.ടി.) | 1,07,935 | 3,732 | 1,16,667 | 1,10,803 | 864 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 271 | 18,96,99,413 | 171 | 5,6738,620 | 12 | 88 | 63% |

# 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6,358 | 6,22,767 | 6,29,125 | 6,21,350 | 7,775 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,27,17,159 | 2,27,17,159 | 2,27,17,159 | 0 |

മേൽ കണക്ക് വാർഷിക കണക്കുമായി വ്യത്യാസമുണ്ട്.

# 1-7 ക്ഷേമ പദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (₹) |
|---|---|---|
| തൊഴിൽരഹിത വേതനം | 33 | 30,720 |
| കർഷകതൊഴിലാളി പെൻഷൻ | 212 | 26,46,900 |
| വിധവാപെൻഷൻ | 832 | 1,01,83,900 |
| വാർദ്ധക്യകാലപെൻഷൻ | 1199 | 1,40,37,200 |
| വികലാംഗപെൻഷൻ | 209 | 25,86,600 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 1 | 30,000 |

## 1-8 ക്യാഷ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18/09/2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20,646/-(ഇരുപതിനായിരത്തി അറുനൂറ്റി നാൽപ്പത്തിയാറ് രൂപ മാത്രം) രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തരനിയന്ത്രണം

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പിൽ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതുണ്ട്. കരട് പദ്ധതി നിർദ്ദേശങ്ങളുടെ വിശദമായ ചർച്ച വിവധ സ്റ്റാൻറിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ ചേർത്തിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ വന്നിട്ടില്ല. ഹരിതകർമ്മസേനയുടെ പ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യണം.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26/06/2019 | 01/01/2019 മുതൽ 31/03/2019 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23/07/2018 | 2013-14 മുതൽ 2017-18 വരെ | 24/10/2018 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ.

അപാകതകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-12 രശീതി ഉപയോഗത്തിലെ അപാകതകൾ

2018-19 വർഷത്തെ രശീതി പരിശോധിച്ചപ്പോൾ രശീതികളുടെ ഉപയോഗത്തിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.ഉപയോഗിക്കാനാവാത്ത സാംഖ്യ രശീതികൾ ക്യാൻസൽ ചെയ്യാതെ അലക്ഷ്യമായി സൂക്ഷിച്ചിരിക്കുന്നു.

സർക്കാർഉത്തരവ് നമ്പർ 48544/എബി.1/13 തസ്വഭവ തീയതി 22.04.14 പ്രകാരം സാംഖ്യ ഉപയോഗിച്ച് അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കി വരുന്ന പഞ്ചായത്തുകളിൽ റദ്ദാക്കുന്ന രശീതികൾ, സ്റ്റേഷനറികൾ (ഉപയോഗശൂന്യമായവ അഥവാ കേടുപാടുകൾ പറ്റുന്നവ) മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്യുന്നില്ല.

2.രശീതികൾ ക്യാൻസൽ ചെയ്യുന്നതിലെ അപാകതകൾ-

രശീതികൾ ക്യാൻസൽ ചെയ്യാനുള്ള കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ അങ്ങനെ ചെയ്യാതെയാണ് ക്യാൻസൽ ചെയ്യുന്നത്. ഉദാ.മാന്വൽ രസീതി ബുക്ക് നം.17586 ൽ 50 മുതൽ 56 വരെ.

3.സ്റ്റേഷനറി നം.3385740,1596649 എന്നിവയുടെ കൗണ്ടർ ഫോയിലുകൾ ക്യാൻസൽ ചെയ്യാതെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഒറിജിനൽ സ്റ്റേഷനറികൾ ഹാജരാക്കിയിട്ടില്ല. ആയവ

ഹാജരാക്കേണ്ടതാണ്.

4.2018-19 സാമ്പത്തീക വർഷത്തെ ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ലാത്തതിൽ ചെക്ക് മുഖേന അടവാക്കിയിട്ടുള്ള വരവുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 1-13 ഡി&ഒ ലൈസൻസ് നൽകുന്നതിലെ അപാകതകൾ.

1.എഴുതി പൂർത്തീകരിക്കാത്ത അപേക്ഷകർക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചു.

1996 ലെ കേരള പഞ്ചായത്തീരാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടം7 പട്ടിക II പ്രകാരം ഒരു ദിവസത്തെ വിറ്റുവരവിനനുസരിച്ചോ അത് കണക്കാക്കാനായില്ലെങ്കിൽ യന്ത്രസാഗ്രികളുടെ 5% മോ ലൈസൻസ് ഫീസായി ഈടാക്കേണ്ടതാണ്. എന്നാൽ ലൈസൻസിനുള്ള അപേക്ഷാഫോറത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ ie. ലൈസൻസ് ആവശ്യമുള്ള സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം, ഒരു ദിവസത്തെ വിറ്റുവരുമാനം, ലൈസൻസ് ആവശ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, സ്ഥലത്തിന്റ അതിരുകൾ എന്നിവയൊന്നും രേഖപ്പെടുത്താത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഉദാ.ലൈസൻസ് നം.369/18-19 ഹോട്ടൽ വയനാട് ഗേറ്റ്, ലൈസൻസ് നം.377/18-19 വൈത്തിരി മിസ്റ്റ്, ലൈസൻസ് നം. 395/18-19 ആർ കെ ഗാർഡൻ റസ്റ്റോറന്റ്. അപേക്ഷാഫോറത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്താതെ എന്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്ന് വിശദീകരിക്കേണ്ടതാണ്.

2.സ്വയംതൊഴിൽ സംരംഭങ്ങൾ നടത്തുന്ന കുടുംബശ്രീ യൂണിറ്റുകൾ ഡി&ഒ ലൈസൻസ് എടുക്കുന്നില്ല.

എെ.സി.ഡി.എസ്.സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പകൽവീടുകൾക്ക് ഉച്ചഭക്ഷണം പദ്ധതിക്കുവേണ്ടി ഉച്ചഭക്ഷണം വിതരണം ചെയ്യാൻ 11/06/2018 തിയ്യതിയിലെ 1/5 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാപ്രകാരം 13-)o വാർഡിലെ അക്ഷയ കുടുംബശ്രീ നടത്തുന്ന ഐശ്വര്യ കാറ്ററിംഗ് യൂണിറ്റ്, 3-)o വാർഡിലെ സ്വരലയ കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റ് എന്നിവരെ തെരഞ്ഞെടുത്തിട്ടുണ്ട്. മേൽ കാറ്ററിംഗ് യൂണിറ്റുകൾ ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളെ പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികളുടെ വിതരണ ഏജൻസിയായി തെരഞ്ഞെടുക്കുമ്പോൾ ഡി&ഒ ലൈസൻസിന്റെ പ്രസക്തി ചോദ്യം ചെയ്യപ്പെടാനും ലൈസൻസ് എടുത്തു പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളെ ലൈസൻസ് എടുക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കാനും സാദ്ധ്യതയുണ്ട്. വിശദീകരണം നൽകേണ്ടതാണ്.

3.ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

4.നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് അവ ഹാജരാക്കാതെ ലൈസൻസ് അനുവദിച്ചു-

മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ പത്രം ആവശ്യമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ലാബ്, ഹോസ്പിറ്റൽ എന്നിവയ്ക്ക് മേൽ സാക്ഷ്യപത്രം ഹാജരാക്കാതെയാണ് പ്രവർത്തനാനുമതി കൊടുത്തിരിക്കുന്നത്. ഉദാ.നം.369/18-19 ഹോട്ടൽ വയനാട് ഗേറ്റ്, ലൈസൻസ് നം. 395/18-19 ആർ കെ ഗാർഡൻ റസ്റ്റോറന്റ്, ലൈസൻസ് നം.384/18-19 ടർക്കിഷ് കഫെ കോഫീ ഷോപ്പ്, ലൈസൻസ് നം.386/18-19കഫെ കോഫീ ഡേ, ലൈസൻസ് നം.392/18-19ബ്രഹ്മഗിരി മലബാർ മീറ്റ്.

5.പ്രവർത്തനാനുമതി കൊടുക്കാത്ത സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു. ഉദാ.കഫ്റ്റീരിയ പൂക്കോട്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.4/18-19 തി.25/09/19)ക്ക് മറുപടിയായി ലൈസൻസിനുള്ള അപേക്ഷാ ഫോമിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും പൂരിപ്പിച്ച് അപേക്ഷകൾ വാങ്ങുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും സാനിറ്റേഷൻ റിപ്പോർട്ട് 7 ദിവസത്തിനകം നൽകണമെന്നും അല്ലാത്തപക്ഷം സാനിറ്റേഷൻ സംബന്ധമായി ഉണ്ടാകുന്ന എല്ലാ പ്രശ്നങ്ങൾക്കും ഹെൽത്ത് ഇൻസ്പെക്ടർ ഉത്തരവാദിയായിരിക്കും എന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ ലൈസൻസ് അനുവദിക്കുന്നതെന്നുമാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. ലൈസൻസിനുള്ള അപേക്ഷ കൈമാറി ഒരുവർഷം കഴിഞ്ഞിട്ടും ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാത്ത ഹെൽത്ത് ഇൻസ്പെക്ടർക്കെതിരെ ഉചിതമാർഗ്ഗേന നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-14 തൊഴിൽനികുതി പിരിവിലെ അപാകതകൾ.

2018-19 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി പിരിവ് പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

<u>1.ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിനനുസരിച്ചുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല:-</u>

.1996 ലെ കേരള പഞ്ചായത്തീരാജ് (തൊഴിൽനികുതി) ചട്ടങ്ങൾ ചട്ടം 3 ലെ ഒന്നാം ഉപചട്ടത്തിൽ പറയും പ്രകാരം കമ്പനികളുടേയും വ്യക്തികളുടേയും അർദ്ധവാർഷിക വരുമാനം കണക്കാക്കി പട്ടികയിലെ രണ്ടാം കോളപ്രകാരം തരം തിരിക്കേണ്ടതും അങ്ങനെയുള്ളവരിൽ ഓരോ അർദ്ധവർഷത്തേക്കും ഈടാക്കേണ്ട പരമാവധി തൊഴിൽനികുതി മൂന്നാം കോളത്തിൽ പറയും പ്രകാരം ആയിരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ വരുമാന പത്രികകൾ പരിശോധിച്ചതിൽ നിന്ന് പട്ടികയിലെ മൂന്നാം കോള പ്രകാരമല്ല തൊഴിൽനികുതി ഈടാക്കിയിട്ടുള്ളത്. സ്ഥാപനങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

.

| ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|
| ജോസ് ഫെർണ്ണാണ്ടസ് (വൈത്തിരി പോസ്റ്റ് ഓഫീസ്) | 1,73,880 | 1,250 | 620 | 630 |
| സിജിത്ത്(വൈത്തിരി വില്ലേജ് റിസോർട്ട്) 17-18 രണ്ടാം അർദ്ധവർഷം | 1,02,000 | 1000 | 750 | 250 |
| അമൃത കെ (വൈത്തിരി വില്ലേജ് റിസോർട്ട്) 17-18 രണ്ടാം അർദ്ധവർഷം | 78,000 | 750 | 600 | 150 |
| അശ്വതി പി(ഓറിയന്റൽ സ്കൂൾ ഓഫ് ഹോട്ടൽ മാനേജ്മെന്റ്) | 75,000 | 750 | 600 | 150 |
| ഉമേഷ് (ബ്ലൂ ജിൻജർ | 48,000 | 900(2അർദ്ധ | 600(2അർദ്ധ | 300 |

| | | | | |
|---|---|---|---|---|
| റിസോർട്ട് ) | | വർഷങ്ങളിലുംകൂടി) | വർഷങ്ങളിലുംകൂടി) | |
| ശശി (ബ്ലൂ ജിൻജർ റിസോർട്ട് ) | 48,000 | 900(2അർദ്ധ വർഷങ്ങളിലുംകൂടി) | 600(2അർദ്ധ വർഷങ്ങളിലുംകൂടി) | 300 |
| ആകെ | | | | 1,780/- |

2)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽനിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

a)സായ് കൃഷ്ണ ആയുർവേദിക് ക്ലിനിക്ക്

b).ബി എസ് എൻ എൽ വൈത്തിരി -രണ്ടാം അർദ്ധവർഷം

3)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

a)വയനാട് ജില്ലാ സഹകരണ ബാങ്ക് വൈത്തിരി

b).ബി എസ് എൻ എൽ വൈത്തിരി

c).വൈത്തിരി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്

d)ജില്ലാ സഹകരണ ബാങ്ക് ചുണ്ടേൽ ശാഖ

e)കേരള ഗ്രാമീൺ ബാങ്ക് വൈത്തിരി ശാഖ

4).KVASU ഫിനാൻസ് സെക്ഷൻ രണ്ടാം അർദ്ധ വർഷം തൊഴിൽനികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

5).ഡി&ഒ ലൈസൻസിനുള്ള അപേക്ഷയിൽ ജീവനക്കാരുടെ എണ്ണം കാണിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.ഉദാ.

| ലൈസൻസ് നം&ലൈസൻസിയുടെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|
| 355/18-19അജി പി തോമസ് ജോൺ | 8 |
| 369/18-19നിയാസ് അഹമ്മദ് | 17 |
| 175/18-19 ഹുസൈൻകുട്ടിഹാജി | 4 |
| 78/18 -19നിസാർ പി | 2 |
| 201/18-19 അഷറഫ് ടി.കെ | 5 |
| 111/18-19 കാസിം എം കെ | 3 |
| 217/18-19 അബ്ദുൾ സലീം സി പി | 5 |
| 422/18-19 റിയാസ് അഹമ്മദ് | 3 |
| സാലഗ്രാം ആയുർവേദ യോഗ പാരമ്പര്യ ചികിത്സ | 3 |

6) 1996 വല കേരള പഞ്ചായത്തീരാജ് ആക്ട് തൊഴിൽനികുതി ചട്ടങ്ങൾ ചട്ടം16(4) പ്രകാരം തൊഴിലുടമ II-ാം നമ്പർ ഫോറത്തിൽ ലഭ്യമാക്കിയാൽ മാത്രമേ തൊഴിൽനികുതി നിർണ്ണയം നടത്താവൂ. .എന്നാൽ റിട്ടേൺ സമർപ്പിച്ചിരിക്കുന്നത് നിശ്ചിത ഫോറത്തിലല്ല.

7)2018-19 വർഷത്തിൽ പഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ ഏർപ്പെട്ട കരാറുകാരിൽ നിന്നും തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് വാങ്ങുകയോ തൊഴിൽനികുതി അടയ്ക്കുന്നതിന് ബാധ്യതപ്പെട്ടവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

വരുമാനത്തിനനുസൃതമായി തൊഴിൽനികുതി ഈടാക്കി അടവാക്കുന്നതിൽ വീഴ്ചവരുത്തിയ തൊഴിലുടമകളിൽ നിന്നും കേരള പഞ്ചായത്ത് രാജ് നിയമം 257(1)-ാം വകുപ്പ് ആറാം പട്ടികയിൽ വ്യവസ്ഥപ്പെടുത്തിയ പ്രകാരം പിഴ ഈടാക്കേണ്ടതും കേരള പഞ്ചായത്ത് രാജ് നിയമം 205ബി വകുപ്പ് പ്രകാരം നോട്ടീസ് നൽകി സെക്രട്ടറി പഞ്ചായത്ത് പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരിൽ

നിന്നും അവരുടെ വരുമാനമനുസരിച്ച് തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നടപടി പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അധിക വിവരങ്ങൾ ഉണ്ടെങ്കിൽ ആയവ ഹാജരാക്കേണ്ടതുമാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി-5, തിയ്യതി 25/09/2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 പണം പിൻവലിക്കലിലെ അപാകതകൾ

തനത്ഫണ്ട് അക്കൗണ്ടിൽ (അക്കൗണ്ട് നം. 7492, കേരള ഗ്രാമീൺ ബാങ്ക്) നിന്നുള്ള പിൻവലിക്കൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

1.ബിൽ രജിസ്റ്റർ പ്രകാരമുള്ള ചെലവ് തുകയും ബാങ്കിൽ നിന്നും പിൻവലിച്ച തുകയും പൊരുത്തപ്പെടുന്നില്ല. ഉദാ.

| ചെക്ക് നം./തിയ്യതി | ബാങ്കിൽ നിന്നും പിൻവലിച്ച തുക | ബിൽ രജിസ്റ്റർ പ്രകാരമുള്ള ചെലവ് തുക |
|---|---:|---:|
| 16355/18/06/2018 | ₹8,054/- | ₹7,379/- |
| 15948/11/04/2018 | ₹22,295/- | ₹22,245/- |
| 19241/25/03/19 | ₹7,47,313/- | ₹6,99,464/- |
| 19271/ 02/04/19 | ₹72,558/- | ₹33,558/- |

വ്യത്യാസം വന്ന തുകകളുടെ ചെലവു വിവരം ഹാജരാക്കേണ്ടതാണ്.

2.ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്താത്ത തുക തനത് ഫണ്ട് സൂക്ഷിക്കുന്ന അക്കൗണ്ടിൽ (അക്കൗണ്ട് നം. 7492, കേരള ഗ്രാമീൺ ബാങ്ക്) നിന്നും പിൻവലിച്ചിട്ടുണ്ട്.

| തിയ്യതി | ബാങ്കിൽ നിന്നും പിൻവലിച്ച തുക |
|---|---:|
| 01/08/2018 | ₹500/- |
| 14/05/2018 | ₹3420/- |
| 13/08/2018 | ₹10,579/- |
| 06/02/19 | ₹33,317/- |
| 07/02/19 | ₹29,092/- |
| 26/03/19 | ₹77,742/- |
| 26/03/19 | ₹60,00/- |
| 27/03/19 | ₹46,000/- |
| 22/03/19 | ₹1015/- |
| 26/03/19 | ₹236/- |

3.29/09/2018 ന് 1298/- രൂപ collection for extra withdrawal എന്ന ശീർഷകത്തിൽ ഡെബിറ്റ് വന്നതായി കാണുന്നു. ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4.19/03/19, 21/03/19, 24/05/18, 12/06/18, 14/06/18, 28/12/18 തിയ്യതികളിൽ 118/- രൂപാ വീതം അക്കൗണ്ടിൽ നിന്നും ആകെ ₹708/- കുറവുവന്നത് ഏതിനത്തിലാണെന്ന് വിശദീകരിക്കേണ്ടതാണ്.

5.6/10/18 ന് ₹390/- duplicate pass sheet എന്ന ഇനത്തിൽ ഡെബിറ്റ് വന്നിട്ടുണ്ട് രേഖകൾ ഹാജരാക്കേണ്ടതാണ്.

6.04/12/18,11/12/18 എന്നീ തിയ്യതികളിൽ യഥാക്രമം ₹74.5/-,₹148/-തുകകൾ ഡെബിറ്റ് വന്നിട്ടുണ്ട്.

7.25/03/19, 27/03/19 തിയ്യതികളിൽ 195/- രൂപാവീതം duplicate pass book എന്നയിനത്തിൽ ഡെബിറ്റ് വന്നിട്ടുണ്ട്. രണ്ടു ദിവസത്തിനുള്ളിൽ രണ്ടു duplicate pass book വാങ്ങാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിപ്(നം12/18-19 തിയ്യതി.26/09/19)ന് മറുപടി ലഭ്യമാക്കിയെങ്കിലും മറുപടിയോടൊപ്പം ബിൽ രജിസ്റ്ററും ചെലവ് വൗച്ചറുകളും ഹാജരാക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപാകത പരിഹരിക്കാൻ നടപടിയെടുത്ത് ബിൽ രജിസ്റ്ററിന്റെ പകർപ്പും ചെലവ് വൗച്ചറുകളും ഹാജരാക്കേണ്ടതാണ്.

# 1-16 റിസോർട്ടുകളിൽ അനധികൃത നിർമ്മാണം - വരുമാന നഷ്ടം

എ) ഓറഞ്ച് വുഡ് റിസോർട്ട്, ലക്കിടി

ഓറഞ്ച് വുഡ് റിസോർട്ട്, ലക്കിടി എന്ന കെട്ടിടത്തിൽ VIII/597A, VIII/597C, VIII/597D, VIII/597E, VIII/597F, VIII/597G, VIII/597H, VIII/597J എന്നീ നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിലും 26/09/2019 ന് 3 PM മണിക്ക് നടത്തിയ സ്ഥലപരിശോധനയിലും അനധികൃത നിർമ്മാണങ്ങളും അപാകതകളും ശ്രദ്ധയിൽപ്പെട്ടു. വിവരം ചുവടെ ചേർക്കുന്നു.

1) സി. ബ്ലോക്കിൽ ഇരുനില കെട്ടിടം നമ്പർ നൽകി നികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റ് സ്ഥലപരിശോധനയുടെ ഭാഗമായി ഓവർസിയർ എടുത്ത അളവ് പ്രകാരം ഗ്രൗണ്ട് ഫ്ലോർ 72.16 സ്ക്വയർ മീറ്ററും (8.8m X 8.2m) ഫസ്റ്റ് ഫ്ലോർ 72.16 സ്ക്വയർ മീറ്ററും (8.8mX8.2m) ഉണ്ട്. രണ്ട്നിലയും ഉപയോഗിക്കുന്നുണ്ട്. വസ്തുനികുതി ഈടാക്കിയിട്ടില്ല. ഈടാക്കേണ്ട വസ്തുനികുതി താഴെപ്പറയുന്നു.

| ആകെ വിസ്തീർണ്ണം ($m^2$) | നികുതി നിരക്ക് | അടിസ്ഥാന നികുതി | ഇളവുകൾ | വർദ്ധനവ് | ഈടാക്കേണ്ട വാർഷിക വസ്തുനികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|---|---|
| 144.32 | 80 | 11,546/- | മേഖല : ദ്വിതീയം (-)10%(1155) | 0 | 10,391/- | 520/- | 10,911/- |

2) നിർമ്മാണാനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകി ഉപയോഗിക്കുന്നുണ്ട്. നികുതി ഈടാക്കുന്നില്ല.

സ്ഥലപരിശോധനയിൽ ഭാഗമായി ഓവർസിയർ എടുത്ത അളവ് പ്രകാരം കെട്ടിടത്തിന് 22.32 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുണ്ട്. മേൽ കെട്ടിടം അനുമതിയില്ലാതെയാണ് നിർമ്മിച്ചിരിക്കുന്നത്.

| ആകെ വിസ്തീർണ്ണം ($m^2$) | നികുതി നിരക്ക് | അടിസ്ഥാന നികുതി | ഇളവുകൾ | വർദ്ധനവ് | ഈടാക്കേണ്ട വാർഷിക വസ്തുനികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|---|---|
| 22.32 | 80 | 1,786/- | മേഖല : ദ്വിതീയം (-)10%(179) | 0 | 1,607/- | 80/- | 1687/- |

3) നിർമ്മാണാനുമതിയില്ലാതെ നിർമ്മിച്ച സ്വിമ്മിംഗ്പൂൾ ഉപയോഗിക്കുന്നുണ്ടെങ്കിലും വസ്തുനികുതി ഈടാക്കുന്നില്ല. സ്ഥലപരിശോധനയിൽ ഓവർസിയർ എടുത്ത അളവ് പ്രകാരം സ്വിമ്മിംഗ്പൂളിന് 129.15 സ്ക്വയർ മീറ്റർ (12.3m X 10.5m) വിസ്തീർണ്ണമുണ്ട്. സ്വിമ്മിംഗ് പൂൾ ഉപയോഗിക്കുന്നുണ്ടെങ്കിലും വസ്തുനികുതി ഈടാക്കുന്നില്ല.

| ആകെ വിസ്തീർണ്ണം ($m^2$) | നികുതി നിരക്ക് | അടിസ്ഥാന നികുതി | ഇളവുകൾ | വർദ്ധനവ് | ഈടാക്കേണ്ട വാർഷിക വസ്തുനികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|---|---|
| 129.15 | 80 | 10,332/- | മേഖല : ദ്വിതീയം (-)10% (1033) | 0 | 9,299/- | 465/- | 9,764/- |

..മേൽപ്പറഞ്ഞ ഉപകണ്ഡിക 1, 2, 3 (144.32+22.32+129.15) പ്രകാരം 296 സ്ക്വയർ മീറ്റർ സ്ഥലത്തിന് വസ്തുനികുതി ഈടാക്കുന്നില്ല. അതിനാൽ എല്ലാവർഷവും 22,362/- (10911+1687+9764)പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. കൂടാതെ പെർമിറ്റ് റെഗുലറൈസേഷൻ ഫീസിനത്തിലും നഷ്ടം സംഭവിക്കുന്നുണ്ട്. എന്നു മുതലാണ് മേൽ കെട്ടിടങ്ങൾ നിർമ്മിച്ചതെന്ന് അന്വേഷിച്ച് പഞ്ചായത്തിന് ആ കാലയളവുമുതലുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കി ഈടാക്കി അറിയിക്കേണ്ടതാണ്.

ബി)ഇന്ദീവരാ (Indeevera) റിട്രീറ്റ് റിസോർട്ട്

വാർഡ് 12, 12 -)ം പാലം ഇന്ദീവരാ (Indeevera) റിട്രീറ്റ് റിസോർട്ടിലെ 29 കെട്ടിടങ്ങൾക്ക് XII/48A മുതൽ XII/48N വരെയും XII/48P മുതൽ XII/48Z വരെയും XII/48AA മുതൽ XII/48AE വരെയും നമ്പർ നൽകിയിട്ടുണ്ട്. ഫയൽ പരിശോധച്ചതിലും 27/09/2019 ന് 11 AM മണിക്ക് നടത്തിയ സ്ഥലപരിശോധനയിലും താഴെപ്പറയുന്ന അനധികൃത നിർമ്മാണങ്ങളും അപാകതകളും കണ്ടിട്ടുണ്ട്.

1) പെർമിറ്റ് പ്രകാരം ഒരു നിലയുള്ള ആയുർവ്വേദ സ്പാ കെട്ടിടത്തിന്റെ മുകളിൽ രണ്ടാം നില കെട്ടിടം അനുമതിയില്ലാതെ പണിഞ്ഞ് ഉപയോഗിക്കുന്നുണ്ട്. ആയുർവ്വേദ സ്പാ കെട്ടിടത്തിന്റെ താഴത്തെ നിലയുടെ വിസ്തീർണ്ണം 104.13 സ്ക്വയർ മീറ്റർ ആണ്. താഴത്തെ നിലയുടെ വസ്തുനികുതി സ്ക്വയർ മീറ്ററിന് 80/- രൂപ നിരക്കിൽ ഈടാക്കുന്നുണ്ട്. കെട്ടിട നമ്പർ 12/48AD ആണ്. ആയുർവ്വേദ സ്പായുടെ സർക്കാർ നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി നിരക്ക് സ്ക്വയർ മീറ്ററിന് 160/- രൂപ ആണ്. (സ.ഉ (അ)നം. 36/2015/ തസ്വഭവ തിയ്യതി 24/02/15). മുകൾ നില കെട്ടിടം നമ്പർ നൽകി നികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റ് സ്ഥലപരിശോധനയുടെ ഭാഗമായി ഓവർസിയർ എടുത്ത അളവ് പ്രകാരം മുകൾ നില 104.13 സ്ക്വയർ മീറ്റർ വിസ്തീർണ്ണം ഉണ്ട്. ആകെ 208.26 സ്ക്വയർ മീറ്റർ സ്ഥലത്താണ് ആയുർവ്വേദ സ്പാ പ്രവർത്തിക്കുന്നത്. എന്നാൽ, പഞ്ചായത്ത് ലൈസൻസ് ഇല്ലാതെയാണ് സ്പാ പ്രവർത്തിക്കുന്നത്. മേൽ കെട്ടിടത്തിലെ രണ്ടാം നില അനുമതി ഇല്ലാതെയാണ് നിർമ്മിച്ചിരിക്കുന്നത്. ഈടാക്കേണ്ട വസ്തുനികുതി താഴെ പറയുന്നു.

| ആകെ വിസ്തീർണ്ണം($m^2$) | നികുതി നിരക്ക് | അടിസ്ഥാന നികുതി | ഇളവുകൾ | വർദ്ധനവ് | ഈടാക്കേണ്ട വാർഷിക വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|---|---|
| 208.26 | 160 | 33321.6 | മേഖല : | അഞ്ചു മീറ്റർ | 36,654/- | 1,833/- | 38,487/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ദ്വിതീയം<br>10%<br>(3332.16) | വീതിയുള്ള ടാർ റോഡ് - 20% (6664.32) | | | |

നിലവിൽ ഈടാക്കുന്ന വസ്തു നികുതി (ഫോം 6 പ്രകാരം) താഴെ കൊടുക്കുന്നു.

| ആകെ വിസ്തീർണ്ണം($m^2$) | നികുതി നിരക്ക് | അടിസ്ഥാന നികുതി | ഇളവുകൾ | വർദ്ധനവ് | ഈടാക്കുന്ന വാർഷിക വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|---|---|
| 104.13 | 80 | 8330.4 | മേഖല : ദ്വിതീയം<br>10%<br>(833.04) | 0 | 7,498/- | 375/- | 7,873/- |

മേൽ പട്ടിക പ്രകാരം 30,614/- രൂപ വസ്തു നികുതി കുറച്ചാണ് പിരിക്കുന്നതെന്ന് ബോധ്യപ്പെടുന്നുണ്ട്.

2) ഷീറ്റ് മേൽക്കൂരയുള്ള ഒരു ഓഫീസ് കെട്ടിടത്തിന് നമ്പർ നൽകി ഉപയോഗിക്കുന്നു. നികുതി ഈടാക്കുന്നില്ല:-
സ്ഥല പരിശോധനയിൽ ഓവർസിയർ എടുത്ത അളവ് പ്രകാരം 118.12 സ്ക്വയർ മീറ്റർ (12.77m X 9.25m) വിസ്തീർണ്ണം ഉണ്ട്. നിർമ്മാണാനുമതി ഇല്ലാതെയാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. ഈടാക്കേണ്ട വസ്തുനികുതി താഴെപ്പറയുന്നു.

| ആകെ വിസ്തീർണ്ണം ($m^2$) | നികുതി നിരക്ക് | അടിസ്ഥാന നികുതി | ഇളവുകൾ | വർദ്ധനവ് | ഈടാക്കേണ്ട വാർഷിക വസ്തുനികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|---|---|
| 118.12 | 80 | 9449.6 | 1)മേഖല : ദ്വിതീയം<br>10%<br>(944.96)<br>2)ഷീറ്റ് മേൽക്കൂര<br>10%<br>(944.96) | അഞ്ചു മീറ്റർ വീതിയുള്ള ടാർ റോഡ് - 20% (1889.92) | 9450 | 473 | 9923 |

3) റെസ്റ്റോറന്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന് നമ്പർ നൽകി വസ്തുനികുതി ഈടാക്കിയിട്ടില്ല. റെസ്റ്റോറന്റ് കെട്ടിടത്തിന്റെ ബെയിസ്മെന്റ് നിലയുടെ മുകൾ ഭാഗം കോൺക്രീറ്റ് മേൽക്കൂരയോടുകൂടി ഒരു ഹാൾ ആയി ഉപയോഗിക്കുന്നുണ്ട്. എന്നാൽ, കെട്ടിടം നമ്പർ നൽകി നികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി സ്ഥലം പരിശോധിച്ചതിൽ, ഓവർസിയർ എടുത്ത അളവ് പ്രകാരം ഹാളിന് 103.84 സ്ക്വയർ മീറ്റർ (11.8m X 8.8m) വിസ്തീർണ്ണം ഉണ്ട്. പെർമിറ്റ് പ്രകാരം റെസ്റ്റോറന്റ് പ്രവർത്തിക്കുന്ന കെട്ടിടം ആകെ 1620.11 സ്ക്വയർ മീറ്റർ ആണ് അനുമതി നൽകിയിരിക്കുന്നത്. എന്നാൽ, റസ്റ്റോറന്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറും (വിസ്തീർണ്ണം 107.3 സ്ക്വയർ മീറ്റർ) ബെയിസ്മെന്റ് ഫ്ലോറും (വിസ്തീർണ്ണം 332.64 സ്ക്വയർ മീറ്റർ)

പൂർത്തീകരണ പ്ലാൻ സമർപ്പിച്ചിട്ടുണ്ടെങ്കിലും വസ്തുനികുതി ഈടാക്കിയിട്ടില്ല. റസ്റ്റോറന്റ് കെട്ടിടത്തിന്റെ താഴത്തെ നിലയ്ക്ക് തൊട്ടു സ്ഥിതിചെയ്യുന്ന രണ്ട്നില കെട്ടിടത്തിനും പൂർത്തീകരണ പ്ലാൻ സമർപ്പിച്ചിട്ടില്ല. എന്നാൽ പണി പൂർത്തിയായി ഉപയോഗിക്കുന്നുണ്ട്. സ്ഥലപരിശോധനക്കിടയിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ജോലികൾക്കായി ഓവർസിയറെ പഞ്ചായത്തിലേക്ക് അടിയന്തിരമായി തിരികെ വിളിച്ചതിനാൽ അവിടെയുള്ള മറ്റു കെട്ടിടങ്ങളുടെ വിസ്തീർണ്ണം തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല. അളവ് എടുത്ത കെട്ടിടങ്ങളുടെ ഈടാക്കേണ്ട വസ്തുനികുതി താഴെ പറയുന്നു.

| ആകെ വിസ്തീർണ്ണം ($m^2$) | നികുതി നിരക്ക് | അടിസ്ഥാന നികുതി | ഇളവുകൾ | വർദ്ധനവ് | ഈടാക്കേണ്ട വാർഷിക വസ്തുനികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|---|---|
| 547.38 | 80 | 43502.4 | 1)മേഖല : ദ്വിതീയം 10% (4350.24) | 1)അഞ്ചു മീറ്റർ വീതിയുള്ള ടാർ റോഡ് - 20% (8700.48) 2)തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ - മേൽത്തരം - 15% (6525.36) | 54378 | 2719 | 57097 |

4) നിർമ്മാണാനുമതിയില്ലാതെ സ്വിമ്മിംഗ് പൂൾ നിർമ്മിച്ചു. സ്ഥലപരിശോധയിൽ ഓവർസിയർ എടുത്ത അളവ് പ്രകാരം സ്വിമ്മിംഗ് പൂളിന് 160.29 സ്ക്വയർ മീറ്റർ (13.7m X 11.7m) വിസ്തീർണ്ണമുണ്ട്. സ്വിമ്മിംഗ് പൂൾ ഉപയോഗിക്കുന്നുണ്ടെങ്കിലും വസ്തു നികുതി ഈടാക്കുന്നില്ല. ഈടാക്കേണ്ട വസ്തുനികുതി ചുവടെ പറയും പ്രകാരമാണ്.

| ആകെ വിസ്തീർണ്ണം ($m^2$) | നികുതി നിരക്ക് | അടിസ്ഥാന നികുതി | ഇളവുകൾ | വർദ്ധനവ് | ഈടാക്കേണ്ട വാർഷിക വസ്തുനികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|---|---|
| 160.29 | 80 | 12823.2 | മേഖല : ദ്വിതീയം (-)10% (1282.32) | അഞ്ചു മീറ്റർ വീതിയുള്ള ടാർ റോഡ് 20% (2564.64) | 14106 | 705 | 14811 |

5) ഇൻഡീവെരാ (Indeevera) റിട്രീറ്റ് റിസോർട്ട് സ്ഥിതി ചെയ്യുന്നത് 5 മീറ്റർ വീതിയുള്ള പഞ്ചായത്ത് ടാർ റോഡിനോട് (വൈത്തിരി - കോളിച്ചാൽ പതിനാറ് റോഡ്) ചേർന്നാണ്. പ്രസ്തുത റോഡിൽ നിന്നും നേരിട്ടാണ് പ്രവേശനം. അതിനാൽ, ഇപ്പോൾ ഈടാക്കുന്ന വസ്തുനികുതിയുടെ 20% വർദ്ധനവ് ആവശ്യമാണ്.

മേൽ പ്പറഞ്ഞ പ്രകാരം 929.92 സ്ക്വയർ മീറ്റർ സ്ഥലത്തിന് വസ്തുനികുതി ഈടാക്കുന്നില്ല. വേറെ രണ്ടു നില കെട്ടിടം വസ്തുനികുതി ഈടാക്കാത്തതായി കണ്ടെങ്കിലും അതിന്റെ അളവ് ലഭ്യമാക്കിയിട്ടില്ല. അതിനാൽ, ഓഡിറ്റ് അളവെടുത്ത പ്രകാരം മാത്രം എല്ലാ വർഷവും 1,12,445/- രൂപ പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. കൂടാതെ പെർമിറ്റ് റെഗുലറൈസേഷൻ ഫീസിനത്തിലും

നഷ്ടം സംഭവിച്ചിട്ടുണ്ട്. എന്നു മുതലാണ് മേൽ കെട്ടിടങ്ങൾ നിർമ്മിച്ചതെന്ന് അന്വേഷിച്ച് ആ കാലയളവു മുതൽ പഞ്ചായത്തിനുണ്ടായ നഷ്ടം കണക്കാക്കി ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-17 ഗസൽ പാട്രിയ ഫ്ലാറ്റ്,ചുണ്ടേൽ-വസ്തുനികുതി മുഴുവനായി ഈടാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷം ഗസൽ പാട്രിയ ഫ്ലാറ്റ്, ചുണ്ടേൽ എന്ന 13 നില ഫ്ലാറ്റ് സമുച്ചയത്തിന് (3/1A മുതൽ 3/1AAN വരെ 61 ഫ്ലാറ്റുകൾക്ക് നമ്പർ നൽകിയിട്ടുണ്ട്.) മാനേജിംഗ് ഡയറക്ടർ ശ്രീ. മുജീബ് റഹ്മാൻ. കെ.സി നൽകിയ അപേക്ഷകൾ പ്രകാരം നമ്പറിട്ട് വസ്തുനികുതി ഈടാക്കിയിട്ടുണ്ട്. ഫയൽ പരിശോധനയിലും 26/09/2019 ന് നടത്തിയ സ്ഥലപരിശോധനയിലും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ശ്രീ. മുജീബ് റഹ്മാൻ. കെ.സി നൽകിയ അപേക്ഷകൾ (ഫോറം 2) യാതൊരുവിധ വിവരങ്ങളും സമർപ്പിച്ചിട്ടില്ല. പഞ്ചായത്തിൽ സമർപ്പിച്ച പൂർത്തീകരണ പ്ലാൻ സെക്രട്ടറിയോ, അസി. എഞ്ചിനീയറോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗസൽ താസ ഫ്ലാറ്റ്, ലക്കിടിയുടെ പൂർത്തീകരണ പ്ലാൻ ആണ് അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി മേൽ കമട്ടിടത്തിന്റെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. സെക്രട്ടറിയോ, അസി. എഞ്ചിനീയറോ സാക്ഷ്യപ്പെടുത്താത്ത പൂർത്തീകരണ പ്ലാൻ പ്രകാരം 4886.44 sq.m ആണ് പൂർത്തിയായ വിസ്തീർണ്ണം ആയി രേഖപ്പെടുത്തിയിരിക്കുന്നത്. ഓരോ ഫ്ലാറ്റുകളും കോമൺ ഏരിയയും അളന്ന് തിട്ടപ്പെടുത്താതെ, അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്ത പ്ലാൻ പ്രകാരം ശ്രീ. മുജീബ് റഹ്മാൻ. കെ.സി നൽകിയ വിവരങ്ങൾ വിശ്വസിച്ച് ആ അളവുകൾ പ്രകാരമാണ് വസ്തുനികുതി, എഫ്.എ.ആർ, കവറേജ് എന്നിവ കണക്കാക്കിയിരിക്കുന്നത്. അതിനാൽ, വസ്തുനികുതി നിർണ്ണയിച്ചത് വ്യക്തമായി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2. സ്ഥലപരിശോധനയിൽ 37 പാർക്കിംഗ് ഉള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. പാർക്കിംഗ് മാർക്ക് ചെയ്തിട്ടില്ല. വിസിറ്റേഴ്സ്, ഭിന്നശേഷി, ഇരുചക്ര പാർക്കിംഗ് ഇല്ല. പൂർത്തീകരണ പ്ലാൻ പ്രകാരം (അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല) 37 പാർക്കിംഗ് ഉള്ളതായാണ് കാണിച്ചിരിക്കുന്നത്. സെക്രട്ടറിയോ, അസി. എഞ്ചിനീയറോ എത്ര പാർക്കിംഗ് വേണമെന്ന് പറയുകയോ പരിശോധിക്കുകയോ ചെയ്തിട്ടില്ല. KPBR 2011 – ലെ റൂൾ 38 പ്രകാരം ഒരു പാർക്കിംഗിന് 15 ചതുരശ്ര മീറ്റർ (5.5 മീറ്റർ x 2.7 മീറ്റർ) സ്ഥലം വേണ്ടതാണ്. KPBR 2011 – ലെ റൂൾ 38-ലെ ടേബിൾ 4A പ്രകാരം താഴെപ്പറയുന്ന പാർക്കിംഗ് ആവശ്യമാണ്.

| ക്രമ നം. | കാർപ്പെറ്റ് വിസ്തീർണ്ണം | താമസ യൂണിറ്റുകളുടെ എണ്ണം (പൂർത്തീകരണ പ്ലാൻ/ ഫോം 16 പ്രകാരം) | ആവശ്യമുള്ള പാർക്കിംഗ് | നിലവിലുള്ള പാർക്കിംഗ് | അധികം വേണ്ട പാർക്കിംഗ് |
|---|---|---|---|---|---|
| 1 | 60 $m^2$ -ൽ കുറവ് | 47 | 47/3 = 15.66 | | |
| 2 | 60 $m^2$ മുതൽ 150 $m^2$വരെ | 14 | 14/1 = 14 | | |
| 3 | ആകെ പാർക്കിംഗ് (Sl No. 1 + 2) | | 29.66 | | |
| 4 | ഇരു ചക്ര വാഹന പാർക്കിംഗ് [ആകെ പാർക്കിംഗിന്റെ(Sl No. 3) 25%] | | 25/100X 29.66 = 7.41 | | |
| 5 | ആകെ പാർക്കിംഗ് (Sl No. 3 + 4) | | 37 | | |
| 6 | സന്ദർശക പാർക്കിംഗ് [ആകെ | | 15/100 X 37 = | | |

| | | | | |
|---|---|---|---|---|
| | പാർക്കിംഗിന്റെ(Sl No. 5) 15%] | 5.55 | | |
| പൂർത്തീകരണ പ്ലാൻ പ്രകാരം ആകെ ആവശ്യമായിട്ടുള്ള പാർക്കിംഗ് (Sl No. 5 + 6) | | 43 | 37 | 6 |

മേൽ പട്ടികയിൽ പാർക്കിംഗ് കണക്കാക്കിയിരിക്കുന്നത് സെക്രട്ടറി/അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്ത പ്ലാനിൽ നിന്നാണ്.

3) ഓഡിറ്റ് സ്ഥലപരിശോധനയുടെ സമയത്ത് അസി.എഞ്ചിനീയറുടെ അളവ് പ്രകാരം 62 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള സ്വിമ്മിംഗ് പൂൾ ഉണ്ട്. എന്നാൽ പെർമിറ്റ് പ്ലാനിലോ പൂർത്തീകരണ പ്ലാനിലോ സ്വിമ്മിംഗ് പൂൾ ഇല്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ അസി. എഞ്ചിനീയർ ഫ്ലാറ്റ് സമുച്ചയത്തിന്റെ മുഴുവൻ വിസ്തീർണ്ണവും അളന്ന് തിട്ടപ്പെടുത്തി അപാകതകൾ പരിഹരിച്ച് വസ്തുനികുതി ഈടാക്കി സാക്ഷ്യപ്പെടുത്തിയ പൂർത്തീകരണ പ്ലാൻ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-18 ക്രമ വിരുദ്ധമായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കി.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 1601.4 പ്രകാരം സാങ്കേതികാനുമതി ലഭ്യമാക്കിയ ശേഷം പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പായി ചില മാറ്റങ്ങൾ അനിവാര്യമായ സംഗതിയിൽ എസ്റ്റിമേറ്റ് റദ്ദ് ചെയ്ത് മാറ്റങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി വാങ്ങണം.

16.10.2018 - ന് ടെണ്ടർ നടത്തിയ ചുണ്ടേൽ 5-)ം നമ്പർ തോട് സൈഡ് സംരക്ഷണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കരാറുടമ്പടി വെയ്ക്കുന്നതിന് മുമ്പേ ഭരണ സമിതിയുടെ 26.11.2018-ലെ 1/11-)ം നമ്പർ തീരുമാന പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിന് 01.02.2019 -ലെ 64/18-19 നമ്പർ പ്രകാരമാണ് സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളത്. 27/12/2018- ന് കരാറുടമ്പടി വെച്ച പ്രവൃത്തി 07.01.2019-നാണ് ആരംഭിച്ചിട്ടുള്ളത്. മേൽ പറഞ്ഞത് പ്രകാരം പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പാണ് മാറ്റം ആവശ്യമായി വന്നത് എന്നതിനാൽ റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി റീടെണ്ടർ നടത്താണ്ടതായിരുന്നു.

പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.00197/19 |
| അടങ്കൽ | 349000/- രൂപ (തനത് ഫണ്ട്-300000,<br>വികസന ഫണ്ട് -49000) |
| ചെലവ് | ₹300000/-[CBV. 01/02, 05/02/2019)<br>₹49000/-(ട്രഷറി ബിൽ നം. 52/2018-19. 23.2.2019<br>ആകെ. – ₹3,49,000/- |
| എം. ബുക്ക് നമ്പർ | 154/18-19 |
| കരാറുകാരൻ | ശ്രീ. ഉബൈദ് പി. |
| കരാറുടമ്പടി നമ്പർ | 57/17-18, 27/12/2018 |
| പി.എ.സി. | ₹347050/- |

27.09.2019- ലെ ഓഡിറ്റ് എൻക്വയറി നം. 15/2018-19 -ന് മറുപടിയായി ഘടനാപരമായ മാറ്റം കാര്യമായി ബാധിക്കാത്തതിനാലും കാലതാമസം ഒഴിവാക്കാനുമാണ് മേൽപ്പറഞ്ഞ രീതിയിൽ

നടപ്പിലാക്കിയതെന്നാണ് അറിയിച്ചിട്ടുള്ളത്.

ക്രമവിരുദ്ധമായി മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നത് അംഗീകരിക്കാവുന്നതല്ല. പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-19 മരാമത്ത് പ്രവൃത്തിയുടെ അളവുകൾ മേലുദ്യോഗസ്ഥൻ ചെക്ക് മെഷർ ചെയ്യാതെ തുക അനുവദിച്ചു

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം 15(3) പ്രകാരം അസി. എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകൾ അസി. എക്സി. എഞ്ചിനീയർ ചെക്ക് മെഷർമെന്റ് നടത്തേണ്ടതാണ്.

താഴെ പറയുന്ന പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ അസി. എഞ്ചിനീയർ രേഖപ്പെടുത്തിയ അളവുകൾ അസി. എക്സി. എഞ്ചിനീയർ ചെക്ക് മെഷർമെന്റ് നടത്തിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.00179/18 |
| പ്രോജക്ടിന്റെ പേര് | തൈലകുന്ന് റോഡ് മെയ് ന്റെനൻസ് |
| അടങ്കൽ | 275000/- രൂപ (സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹275000/-[CBV നം. 01/05, 19/5/2018 |
| എം. ബുക്ക് നമ്പർ | 181/17-18 (01-12) |
| കരാറുകാരൻ | ശ്രീ. കെ. എം. അബ്രഹാം |
| കരാറുടമ്പടി നമ്പർ | 40/17-18, 02/11/2017 |

<u>മറ്റ് ന്യൂനതകൾ</u>

1)ഭരണസമിതിയുടെ 8.02.2018 -ലെ 8/18-)ം നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ചാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിച്ചതായി കാണുന്നില്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുണ്ടായ കാരണം കാണിക്കുന്ന അസി.എഞ്ചിനീയറുടെ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാരാക്കിയിട്ടില്ല.

2) കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 1601.4 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസങ്ങൾക്കകം കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസങ്ങൾക്കു ശേഷം 10 ദിവസം വരെ പി.എ.സി. യുടെ 1% തുക പിഴ ഈടാക്കികൊണ്ട് കരാർ ഉടമ്പടി വെയ്ക്കാം. പ്രസ്തുത സമയത്തിനുള്ളിലും കരാർ വെച്ചിട്ടില്ലെങ്കിൽ ഇ.എം.ഡി. കണ്ടുകെട്ടി തുടർ നടപടികൾ സ്വീകരിക്കണം.

മേൽപ്പറഞ്ഞ പ്രവൃത്തിയുടെ ടെണ്ടർ 04.08.2017 -ലാണ് നടത്തിയിട്ടുള്ളത്. 14.08.2017-ന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ 02.11.2017-നാണ് കരാറുടമ്പടി വെച്ചിട്ടുള്ളത്. കാരാറുകരനെതിരെ നിയമപരമായ നടപടി സ്വീകരിച്ചിട്ടില്ല.

25.09.2019- ലെ ഓഡിറ്റ് എൻക്വയറി നം. 06/2018-19 -ക്ക് നിർവ്വഹണ ഉദ്യാഗസ്ഥൻ നല്കിയ മറുപടി താഴെ ചേർക്കുന്നു.

1)ചെക്ക് മെഷർ ചെയ്ത അസി. എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. കൽപ്പറ്റ തന്നെയാണ് പ്രവൃത്തിയുടെ ബിൽ പാസാക്കിയത്. ചെക്ക് മെഷർ ചെയ്തത് അളവ് പുസ്തകത്തിൽ ചേർക്കാത്തത് ശ്രദ്ധയിൽപെടാതെ പോയി.

2) 4.8.2017 -നാണ് ടെണ്ടർ നടന്നത് എങ്കിലും നവംബർ ഡിസംബർ മാസങ്ങളിലെ പണി നവംബർ ഡിസംബർ മാസങ്ങളിലെ നടക്കുകയുള്ളൂ എന്നതിനാലാണ് നിയമാനുസൃത സമയത്തിനുള്ളിൽ എഗ്രിമെന്റ് വെയ്ക്കുന്നതിൽ കാലതാമസം വന്നത്.

റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭ്യമാക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെക്ക് മെഷർ ചെയ്യുത ഉദ്ധ്യഗസ്ഥന്റെ വിശദീകരണം ലഭ്യമാക്കേണ്ടേതാണ്. എഗ്രിമെന്റ് വെയ്ക്കുന്നതിൽ കാലതാമസം വരുത്തിയ കരാറുകരനിൽ നിന്നും പിഴ ഈടാക്കി അറിയിക്കേണ്ടതാണ്. ചെലവ് തുക ₹2,75,000/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. മേൽപ്പറഞ്ഞ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-20 ചട്ടവിരുദ്ധമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത. തടസ്സം ₹1,97,895/-

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 14(5) അനുസരിച്ച് ഒരു പൊതുമരാമത്ത് പണി എസ്റ്റിമേറ്റ് അനുസരിച്ച് നടന്നുവരവേ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാതിരുന്ന പണിയിനമോ, കൂടുതലായി ചെയ്യേണ്ട പണിയോ നടത്തേണ്ടി വരുന്ന സംഗതിയിൽ, അധികമായി ചെയ്യേണ്ടി വരുന്ന പണിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും ആയതിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും മുൻകൂട്ടി വാങ്ങേണ്ടതുമാണ്. സാങ്കേതിക അനുമതി നൽകുന്നതിന് മുമ്പ് ബന്ധപ്പെട്ട എഞ്ചിനീയർ അധികമായി ചെയ്യേണ്ടിവരുന്ന പണി ഒഴിവാക്കാൻ പറ്റാത്തതാണെന്ന് ബോദ്ധ്യപ്പെടേണ്ടതും അപ്രകാരം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

മേൽപ്പറഞ്ഞ ചട്ടത്തിനു വിരുദ്ധമായി അഞ്ചാം നമ്പർ കാപ്പൻകുന്ന് റോഡ് കോൺക്രീറ്റ് എന്ന പ്രോജക്ടിന്റെ കൂടുതലായി ചെയ്യേണ്ടി വന്ന പണികൾ ആയത് പൂർത്തിയ്ക്കിയതിന് ശേഷമാണ് എസ്റ്റ്മേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയിട്ടുള്ളത്. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0128/18 |
| അടങ്കൽ | ₹2,00,000/- (വികസന ഫണ്ട് - ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹1,97,895/-[CBV നം. 51/03, 22/03/2019] |
| എം. ബുക്ക് നമ്പർ | 327/17-18, |
| കരാറുകാരൻ | ശ്രീ. സനീഷ് കെ. എം. |
| കരാറുടമ്പടി നമ്പർ | 21/18-19, 04/09/2018 |

ഭരണസമിതിയുടെ 26.02.2019-ലെ 1(11)-)ം നമ്പർ പ്രകാരം മേൽപറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 27.02.2019-ന് സാങ്കേതിക അനുമതി വാങ്ങിയിട്ടുണ്ട്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ പുതിയതായി ഉൾപ്പടുത്തിയ എക്സ്ട്ര ഇനങ്ങൾ പൂർത്തിയാക്കിയതിന്റെ അളവുകൾ 24.01.2019 -ന് അളവുപുസ്തകത്തിൽ (പേജ് നം. 5) രേഖപ്പെടുത്തിയിട്ടുണ്ട്.

ചട്ടം അനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും മുൻകൂട്ടി വാങ്ങേണ്ടതുമാണ്. മുൻകൂർ അനുമതിയോടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനു ശേഷം പ്രവൃത്തി പൂർത്തിയാക്കേണ്ടതിന് പകരം പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത നടപടി ക്രമവിരുദ്ധമാണ്.

27.09.019 - ലെ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (16/18-19) മറുപടിയായി പ്രവൃത്തിയുടെ നടത്തിപ്പ് സമയത്ത് അടിയന്തിരമായി ചെയ്യേണ്ടിവന്ന പ്രവൃത്തികൾ ഭരണസമിതിയുടെ വാക്കാലുള്ള

നിർദ്ദേശപ്രകാരം ചെയ്തതാണെന്നാണ് അറിയിച്ചത്. അടിയന്തിരമായി ചെയ്യേണ്ടിവന്ന സാഹചര്യമെന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. മേൽപറഞ്ഞ കാര്യം ഭരണസമിതി ചർച്ച ചെയ്തതായും കാണുന്നില്ല. ചട്ടം ലംഘിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത നടപടി അംഗീകരിക്കാവുന്നതല്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു. അടിയന്തിര സാഹചര്യമെന്താണെന്ന് വ്യക്തമാക്കേണ്ടതും മേൽ വിഷയത്തിലുള്ള ഭരണസമിതിയുടെ അഭിപ്രായം അറിയിക്കേണ്ടതുമാണ്.

# 1-21 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ക്രമപ്രകാരമല്ല.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറുകൾ അംഗീകരിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 10, 11 എന്നിവ അനുസരിച്ചുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വട്ടപ്പാറ റോഡ് മെയ്ന്റനൻസ് എന്ന പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്.

പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0025419 |
| അടങ്കൽ | ₹2,75,000/- (സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹2,75,000/-[CBV. 09/01, 21/01/2019 |
| എം. ബുക്ക് നമ്പർ | 188/17-18 (01-18) |
| കരാറുകാരൻ | ശ്രീ. ബേസിൽ മാത്യു |
| കരാറുടമ്പടി നമ്പർ | 55/17-18, 18/11/2017 |

മേൽ പ്രവൃത്തിയുടെ 04.08.2017 - ൽ ടെണ്ടറിൽ ശ്രീ. ബേസിൽ മാത്യു, ശ്രീ. മനോജ് വി.ജെ. എന്നീ രണ്ട് കരാറുകാരാണ് പങ്കെടുത്തിട്ടുള്ളത്. എസ്റ്റിമേറ്റ് നിരക്കിലും 10% അധികം എന്നാണ് രണ്ടു കാരാറുകാരും സമർപ്പിച്ചിട്ടുള്ള ടെണ്ടർ ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതും അസി. എഞ്ചിനീയർ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും. എന്നാൽ ടെണ്ടർ ഫോറം രജിസ്റ്ററിൽ ശ്രീ. മനോജ് വി.ജെ. 10% അധികം എന്നും ശ്രീ. ബേസിൽ മാത്യു എസ്റ്റിമേറ്റ് നിരക്കെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടെണ്ടർ രജിസ്റ്ററിൽ നിരക്ക് രേഖപ്പെടുത്തിയത് അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് വാങ്ങിയിട്ടുമില്ല. പ്രവൃത്തിയുടെ ഫയലിൽ ' എസി. എഞ്ചിനീയർ എസ്റ്റിമേറ്റ് നിരക്ക് എന്ന് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ പ്രവൃത്തിയുടെ പേരും കരാറുകാരന്റെ പേരും നിരക്കും രേഖപ്പെടുത്താത്ത' ഒരു ടെണ്ടർ ഫോറം സൂക്ഷിച്ചിട്ടുണ്ട്.

25.09.2019 - ലെ ഓഡിറ്റ് എൻക്വയറി നം. 07/2018-19 - ന് മറുപടിയായി പ്രവൃത്തിയുടെ ഫയലിൽ അബദ്ധത്തിൽ ഉൾപ്പെട്ടു പോയതാണെന്നാണ്.

ടെണ്ടർ നടപടികളിലെ ക്രമരാഹിത്യമാണ് ഇത് കാണിക്കുന്നത്. ആയതിനാൽ പ്രസ്തുത വിഷയത്തിലേക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-22 തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിലെ ജീവനക്കാരുടെ വേതനം

2018-19 സാമ്പത്തിക വർഷം താഴെ പറയുന്ന മാസങ്ങളിൽ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിലെ ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുണ്ട്. തൊഴിലുറപ്പ്പദ്ധതി ഫണ്ട് ലഭിക്കുമ്പോൾ പണം തനത്ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

| ക്രമ നം. | മാസം, ഇനം, തീയതി | തുക (₹) |
|---|---|---|
| 1 | ഏപ്രിൽ 2018, വേതനം ,3.4.18 | 77,000 |
| 2 | മെയ് 2018, വേതനം ,2.5.18 | 77,000 |
| 3 | ജൂൺ 2018, വേതനം ,1.6.18 | 77,000 |
| 4 | ജൂലൈ 2018, വേതനം , 3.7.18 | 77,000 |
| 5 | ആഗസ്റ്റ് 2018, വേതനം,1.8.18 | 77,000 |
| 6 | ആഗസ്റ്റ് 2018, വേതനം, 21.8.18 | 77,000 |
| 7 | ഒക്ടോബർ 2018, വേതനം,1.10.18 | 77,000 |
| 8 | നവംബർ 2018, വേതനം ,1.11.18 | 77,000 |
| 9 | ഡിസംബർ 2018, വേതനം,1.12.18 | 77,000 |
| 10 | ഡിസംബർ 2018, വേതനം,29.12.18 | 77,000 |
| 11 | ജനുവരി 2019,വേതനം, 31.1.19 | 77,000 |
| 12 | ഫെബ്രുവരി 2019, വേതനം,28.2.19 | 77,000 |
| 13 | മെയ് 2018, യാത്രാപ്പടി | 34,320 |
| 14 | ഒക്ടോബർ 2019, ലീവ് സറണ്ടർ | 37,000 |
| 15 | ഒക്ടോബർ 2019, ഉൽസവ ബത്ത | 11,000 |
| | ആകെ | 10,06,320 |

മേൽ തുകയിൽ തനത്ഫണ്ടിലേക്ക് 8,15,320/- രൂപ തിരിച്ചടവ് വന്നിട്ടുണ്ട്. തൊഴിലുറപ്പ് ഫണ്ട് വരുന്ന മുറക്ക് ബാക്കി തുകയായ 1,91,000/- രൂപ തനത്ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-23 മറ്റ് സ്ഥാപനങ്ങളിലേക്ക് മുൻകൂർ നൽകൽ - വിനിയോഗസാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല

| ക്രമ നം. | ഇനം, തുക കൈപ്പറ്റിയ സ്ഥാപനം | ചെലവ് തുക | വൗച്ചർ നം./ ബിൽ നം തീയതി |
|---|---|---|---|
| 1 | പ്രോജക്ട് നം 28/18-19<br>കണ്ണൻ ചാത്ത് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>കേരള വാട്ടർ അതോറിറ്റി സുൽത്താൻ ബത്തേരി<br>ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകി | 1,00,000<br>ധനകാര്യ<br>കമ്മീഷൻ<br>ഗ്രാന്റ് | ബിൽ നം<br>14/18-19/26.10.18 |
| 2 | പ്രോജക്ട് നം 313/18-19<br>തങ്ങൾ കുന്ന് കുടിവെള്ള പദ്ധതി ത്രീ ഫേസ് ലൈൻ സ്ഥാപിക്കൽ<br>കെ എസ് ഇ ബി വൈത്തിരി സെക്ഷൻ<br>അസി. എഞ്ചിനീയർക്ക് നൽകി | 69922<br>തനത്<br>ഫണ്ട് | 21801193/<br>22.3.19 |
| 3 | പ്രോജക്ട് നം 165/18-19 | 75,000<br>ടി.എസ്.പി. | ബിൽ നം. |

| | | | |
|---|---|---|---|
| | നരിക്കോട് മുക്ക് പൂക്കോട് ഡയറി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>കേരള വാട്ടർ അതോറിറ്റി സുൽത്താൻ ബത്തേരി<br>ഡിവിഷൻ , എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകി | | 27/18-19/23.3.19 |
| 4 | പ്രോജക്റ്റ് നം 31/18-19<br>വൈത്തിരി ടൗൺ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>കേരള വാട്ടർ അതോറിറ്റി സുൽത്താൻ ബത്തേരി<br>ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകി | 100,000<br>തനത് ഫണ്ട് | 21800594/26.10.18 |
| ആകെ | | ₹3,44,922/- | |

വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്. ₹3,44,922/- തടസ്സത്തിൽ വയ്ക്കുന്നു.

## 1-24 ശാസ്ത്ര പുസ്തകം വാങ്ങൽ - 33% കിഴിവ് ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 280/2018-19 |
| പ്രോജക്ട് | പഞ്ചായത്തിലെ സ്കൂളുകളിലേക്ക് ശാസ്ത്ര പുസ്തകം വാങ്ങൽ |
| അടങ്കൽ | 30,000/- രൂപ |
| ചെലവ് | 17,000/- രൂപ(തനത് ഫണ്ട്) |
| ബിൽ നമ്പർ / തീയതി | 8/18-19/24/02/2019 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ |

ശാസ്ത്ര സാഹിത്യ പരിഷത്തിൽ നിന്നാണ് നേരിട്ട് പുസ്തകം വാങ്ങിയത്. 20% കിഴിവ് ആണ് സ്ഥാപനം നൽകിയത്. സർക്കാർ ഉത്തരവ് പ്രകാരം കുറഞ്ഞത് 33% കിഴിവ് ഉറപ്പു വരുത്തണം. ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.10/18-19/25.09.19)മറുപടി ലഭിച്ചിട്ടുണ്ട്.

## 1-25 സ്കൂൾ വിദ്യാർത്ഥികൾക്ക് കുട, ബാഗ് വാങ്ങൽ അംഗീകരിച്ച ടെണ്ടർ നിരക്കിനെക്കാൾ അധികം നൽകി

| | |
|---|---|
| പ്രോജക്ട് നം. | 280/2018-19 |
| പ്രോജക്ട് | സ്കൂൾ വിദ്യാർത്ഥികൾക്ക് കുട, ബാഗ് വാങ്ങൽ |
| അടങ്കൽ | 2,00,000/- |
| ചെലവ് | 87,075/- രൂപ(തനത് ഫണ്ട്) |
| ബിൽ നം. | 9/18-19/24.02.2019 |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |

| ഇനം | എണ്ണം | ടെണ്ടർ പ്രകാരം ഭരണസമിതി അംഗീകരിച്ച തുക(യൂണിറ്റിന്) | ബിൽ പ്രകാരം നൽകിയ തുക (യൂണിറ്റിന്) | ടെണ്ടർ പ്രകാരം നൽകേണ്ട ആകെ തുക | ബിൽ പ്രകാരം നൽകിയ ആകെ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| കുട ജോൺസ് | 135 | 224 | 236 | 30240 | 31860 | 1620 |
| ബാഗ് സ്കൂബി ഡേ | 135 | 405 | 409 | 54675 | 55215 | 540 |
| ആകെ | | | | | | 2160 |

അധികം നൽകിയ 2,160/- രൂപ വിതരണക്കാരനിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്.

## 1-26 കരാർ തുകയേക്കാൾ അധികം തുക നൽകി

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 1601.3 (ഇ) പ്രകാരം ലംസം പ്രൊവിഷൻ എസ്റ്റിമേറ്റ് തുകയുടെ 5% അധികരിക്കാൻ പാടില്ല. മേൽപ്പറഞ്ഞ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചാരിറ്റി മരപ്പാടി റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 34.68% തുക ലംസം പ്രൊവിഷൻ പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | എസ്.0058/19 |
| അടങ്കൽ | 500000/- രൂപ (തനത് ഫണ്ട്) |
| ചെലവ് | ₹500000/-[CBV. 01/02, 05/02/2019 |
| എം. ബുക്ക് നം. | 140/18-19 |
| കരാറുകാരൻ | ശ്രീ. വി. പി. സെയ്തലവി |
| കരാറുടമ്പടി നം. | 97/17-18, 28/03/2018 |
| പി.എ.സി. | ₹326579/- |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ₹173421/- രൂപ ലംസം പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് നിയമ വിരുദ്ധമാണ്. ലംസം പ്രൊവിഷനായി ഉൾപ്പെടുത്തി തുക മുഴുവനും ഉൾപ്പെടുത്തി പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും എന്നാൽ പ്രവൃത്തി റീടെണ്ടർ നടത്താതെ മുമ്പ് നടത്തിയ ടെണ്ടർ പ്രകാരം നടപ്പിലാക്കുകയും ചെയ്തു.

27.09.2019 -ലെ ഓഡിറ്റ് എൻക്വയറി നം. 17/2018-19 ന് മറുപടിയായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് ഭരണസമിതിയുടെ അനുമതി ലഭിച്ചതിനാൽ ലംസം പ്രൊവിഷൻ മുഴുവനായി ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് മുഴുവൻ തുകയും വിനിയോഗിച്ചു എന്നാണ് അറിയിച്ചിട്ടുള്ളത്.

എഞ്ചിനീയറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 26.12.2018 -ലെ ഭരണ സമിതിയുടെ 1/4-)ം നമ്പർ തീരുമാന പ്രകാരം റിവൈസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം റിവൈസ് ചെയ്ത എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിച്ചതായി കാണുന്നില്ല. ഒറിജിനൽ എസ്റ്റിമേറ്റിൽ ലംസം പ്രൊവിഷനായി കാണിച്ചിരുന്ന മുഴുവൻ തുകയും ഉൾപ്പെടുത്തിയാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

എസ്റ്റിമേറ്റിൽ വൻതുക ലംസം പ്രൊവിഷനായി ഉൾപ്പെടുത്തുകയും ടെണ്ടർ നടത്തി എഗ്രിമെന്റ് വെച്ചതിന് ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കൊടുക്കുന്നതും അനിയതമാണ്. ആഗസ്റ്റ് മാസത്തെ കാലവർഷത്തിൽ റോഡ് തകർന്ന് പോയതിനാൽ അംഗീകരിച്ച് കിട്ടിയ എസ്റ്റിമേറ്റിൽ പ്രവൃത്തി തൃപ്തികരമായി പൂർത്തികരിക്കാൻ കഴിയില്ല എന്നാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് ഭരണസമിതിക്ക് അസി. എഞ്ചിനീയർ നൽകിയിട്ടുള്ള റിപ്പേർട്ട്. എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ട സാഹചര്യം നിലനിൽക്കുന്ന സമയത്ത് കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടില്ലാതിരുന്നതിനാലും റിവൈസ്ഡ് എസ്റ്റിമേറ്റ് ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും വളരെ അധികം വ്യതിചലനം ഉണ്ടായിട്ടുണ്ട് എന്നതിനാലും മുമ്പ് നടത്തിയ ടെണ്ടർ റദ്ദ് ചെയത് റീടെണ്ടർ നടത്തേണ്ടതായിരുന്നു. എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് അനുസരിച്ച് കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുമില്ല. ആയതിനാൽ കാരാറുകാരനുമായി ചമച്ച കരാറുടമ്പടി പ്രകാരം പരമാവധി ₹3,26,579/- രൂപയാണ് അനുവദിക്കാവുന്നത്.

ലംസം പ്രൊവിഷനായി വൻ തുക നിയമ വിരുദ്ധമായി ഉൾപ്പെടുത്തുകയും പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത റീടെണ്ടർ നടത്താതെ മുൻപ് കരാർ ഏൽപ്പിച്ച കരാറുകാരനെ കൊണ്ട് നടപ്പിലാക്കുകയും ചെയ്ത നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. റിവൈസ് ചെയ്ത എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിച്ചതായും കാണുന്നില്ല. ആയതിനാൽ ചെലവ് തുക ₹5,00,000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതിക അനുമതിലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. നിയമലംഘനത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-27 പകൽവീട് - ഉച്ചഭക്ഷണം - ടെൻഡർ നടപടി സ്വീകരിച്ചില്ല.

വൈത്തിരി, ചുണ്ടേൽ പകൽവീടുകൾ കേന്ദ്രീകരിച്ച് വയോജനങ്ങൾക്ക് ഉച്ചഭക്ഷണം നൽകാനാണ് പദ്ധതി വിഭാവനം ചെയ്തത്.

| | |
|---|---|
| പ്രോജക്റ്റ് നം. | 41/2018-19 |
| പ്രോജക്റ്റ് | വയോജനങ്ങൾക്ക് ഉച്ചഭക്ഷണം നൽകൽ |
| അടങ്കൽ | 5,00,000/- രൂപ (പൊതു വിഭാഗം സാധാരണ വിഹിതം)<br>(1,75,000/-തനത് ഫണ്ട്) |
| ചെലവ് | 6,75,000/- രൂപ (തനത് ഫണ്ട്) |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

പദ്ധതി നടപ്പിൽ കണ്ടെത്തിയ അപാകത താഴെ പറയുന്നു.

സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.7 പ്രകാരം 1ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ടെൻഡർ മുഖേനയേ നടത്താൻ പാടുള്ളൂ. എന്നാൽ പകൽവീടുകൾ കേന്ദ്രീകരിച്ച് വയോജനങ്ങൾക്ക് ഉച്ചഭക്ഷണം

നൽകൽ പദ്ധതിയിൽ ടെൻഡർ നടപടി സ്വീകരിക്കാതെ പദ്ധതി നടത്തിപ്പിനായി നേരിട്ട് 3-)ം വാർഡിൽ പ്രവർത്തിക്കുന്ന സ്വരലയ കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റ്, 13-)ം വാർഡിൽ വട്ടവയൽ പ്രദേശത്ത് പ്രവർത്തിക്കുന്ന എയ്ഞ്ജൽ കാറ്ററിംഗ് യൂണിറ്റ് എന്നീ കുടുംബശ്രീ യൂണിറ്റുകളെ 11/06/2018 തിയ്യതിയിൽ ചേർന്ന 1/5 നം. തീരുമാനത്തിലൂടെ ഏൽപ്പിക്കുകയാണുണ്ടായത്. മേൽ കാറ്ററിംഗ് യൂണിറ്റുകൾക്ക് നിലവിൽ പൊതുവിപണിയിൽ ഭക്ഷണം വിൽക്കുന്നതിനേക്കാൾ കൂടിയ നിരക്കാണ് അനുവദിച്ചത് കൂടാതെ മേൽ യൂണിറ്റുകൾ 18-19 വർഷം ഡി&ഒ ലൈസൻസിന് അപേക്ഷിച്ചിട്ടും ലൈസൻസ് അനുവദിക്കാനുള്ള ഭൗതീക സാഹചര്യങ്ങൾ ഇല്ലാത്തതിനാൽ പഞ്ചായത്ത് അപേക്ഷ നിരസിക്കുകയാണുണ്ടായത്. പഞ്ചായത്ത് പ്രവർത്തനാനുമതി നൽകാത്ത മേൽ കാറ്ററിംഗ് യൂണിറ്റുകൾക്ക് പൊതുവിപണിയിലേതിനേക്കാൾ കൂടിയ നിരക്കിൽ ടെൻഡർ കൂടാതെ ഭക്ഷണം വിതരണം നൽകാൻ അനുമതി കൊടുത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.12A/18-19 തിയ്യതി.27/09/19)ക്ക്, വനിതകൾക്ക് മാത്രം തൊഴിൽ നൽകുന്നതും വനിതകളുടെ സമഗ്ര ഉന്നമനത്തിനുവേണ്ടി നിലകൊള്ളുന്നതുമായ സംരംഭമായതിനാലാണ് കുടുംബശ്രീയെ ഏൽപ്പിച്ചതെന്നായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടി.

മറുപടി തൃപ്തികരമല്ല. പദ്ധതി നിർവ്വഹണം നടത്തിയത് അത്തരത്തിൽ വനിതകളുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ചായിരുന്നെങ്കിൽ വ്യക്തി താൽപ്പര്യങ്ങളില്ലുപരി ടെൻഡർ നടപടി സ്വീകരിച്ച് കുടുംബശ്രീ യൂണിറ്റുകൾക്ക് മുൻഗണന നൽകി പദ്ധതി നിർവ്വഹിക്കാമായിരുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-28 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൗണ്ട്.

ജി.ഒ. (പി) നം. 177/2006/ധനം, തീയതി 12.04.20106 പ്രകാരം പുറപ്പെടുവിച്ച ഫണ്ട് വിഭജനവും പിൻവലിക്കലും മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 8.3 അനുസരിച്ച് നോൺബാങ്കിംഗ് ട്രഷറി മുഖേന പണം പിൻവലിക്കൽ നടത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പണവിതരണം നടത്തുക എന്ന ആവശ്യത്തിനുവേണ്ടി മാത്രമായി നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 30 ദിവസത്തിൽ അധികമായ വിതരണം നടത്താത്ത ബാക്കി തുക ഒരോ മാസാവസാനവും ഫണ്ട് പിൻവലിച്ച ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കണമെന്ന് മേൽപ്പറഞ്ഞ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6 -ൽ നിഷ്കർഷിച്ചിട്ടുണ്ട്.

2018 – 19 സാമ്പത്തിക വർഷത്തിൽ സീനിയർ വെറ്റിനറി സർജന്റെ അക്കൗണ്ടുകളിൽ താഴെപ്പറയുന്ന തരത്തിൽ നീക്കിയിരിപ്പുണ്ട്.

അക്കൗണ്ട് നമ്പർ 40130101004234 (കെ.ജി.ബി,വൈത്തിരി) -7193/-രൂപ .(3.4.19 ന്)

അക്കൗണ്ട് നമ്പർ 40130101004234 (കാനറ ബാങ്ക്) -97811/-രൂപ .(2.8.19 ന്)

നീക്കിരിപ്പുകളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ വൈത്തിരി സബ് ട്രഷറി മുഖേനയാണ് പിൻവലിക്കുന്നത്. നിലവിൽ ഇത് ബാങ്കിംഗ് ട്രഷറിയാണ്. വൈത്തിരി സബ് ട്രഷറി നോൺബാങ്കിംഗ് ട്രഷറി ആയിരുന്നപ്പോൾ ആരംഭിച്ചതാണ് മേൽപറഞ്ഞ ബാങ്ക് അക്കൗണ്ടുകൾ.

മേൽപ്പറഞ്ഞ എല്ലാ ബാങ്ക് അക്കൗണ്ടുകളും ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. അതിനാൽ ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. 30 ദിവസത്തിൽ ആധികമായ ബാക്കിതുക ട്രഷറിയിൽ

തിരിച്ചടയ്ക്കാത്തത് സർക്കാർ നിർദ്ദേശത്തിന്റെ ലംഘനമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽവിഷയത്തിൽ നിർവ്വണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതായി കാണുന്നില്ല. നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-29 മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാത്തതിനെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2112 വകുപ്പ് പ്രകാരം പൂർത്തികരണകാലാവധി ദീർഘീകരണത്തിന് കാലാവധി തീരുന്നതിന് മുമ്പ് കരാറുകാരൻ അസി. എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതാണ്. ദീർഘിപ്പിക്കുന്ന കാലയളവ് ഒറ്റതവണ, പൂർത്തീകരണത്തിന് അനുവദിച്ച കാലാവധിയുടെ 25% ത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം പൂർത്തികരണത്തിന് അനുവദിച്ച കാലാവധിയുടെ 50% - ത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. 2112.1 വകുപ്പ് അനുസരിച്ച് പൂർത്തികണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടിവരുന്ന ഘട്ടത്തിൽ പിഴ ഈടാക്കേണ്ടതാണ്. കൂടാതെ, ദീർഘീകരണ അനുമതി ലഭിക്കാതെ പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതുമല്ല.

പൊതുമരാമത്ത് മാന്വൽ പ്രകാരം പിഴയോടുകൂടിയല്ലാതെ കാലാവധി ദീർഘീകരണം അനുവദിക്കാവുന്നതല്ല. ആദ്യ ദീർഘീകരണം കരാർ തുകയുടെ 1% -വും പിന്നീടുള്ള ദീർഘീകരണം കരാർ തുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ടാണ് നടത്തേണ്ടത്.

പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുഉടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കി പ്രവൃത്തി മറ്റൊരാളെ എൽപ്പിക്കാവുന്നതുമാണ്.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പല മരാമത്ത് പ്രവൃത്തികളും യഥാസമയം പൂർത്തിയാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തികളുടെ കരാറുകാർ പൂർത്തികരണത്തിന് അധിക സമയം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടില്ല. നിയമ പ്രകാരം പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ് ആയതിന് തുക അനുവദിക്കാവുന്നതല്ല. എന്നാൽ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ യാതൊരു നിയമ നടപടികളും കൈകൊണ്ടിട്ടില്ല എന്നു മാത്രമല്ല നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിന് നിയമപ്രകാരം ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിലുള്ള തുക പോലും ഈടാക്കാതെ മുഴവൻ തുകയും അനുവദിച്ചതായി കാണുന്നു.

കാലാവധിക്കുള്ളിൽ പൂർത്തികരിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I)മണ്ടമല റോഡ് ടാറിംഗ്.

| | |
|---|---|
| പ്രോജക്റ്റ് നം. | എസ്.0062/19 |
| അടങ്കൽ | 500000/- രൂപ (തനത് ഫണ്ട്) |
| ചെലവ് | ₹485564/-[CBV. 58/03, 08/03/2019 |

| | |
|---|---|
| എം. ബുക്ക് നമ്പർ | 163/18-19 |
| കരാറുകാരൻ | ശ്രീ. വി.പി. സെയ്തലവി |
| കരാറുടമ്പടി നമ്പർ | 100/17-18, 28/03/2018 |
| പൂർത്തികരണ കാലാവധി | 6 മാസം (27/09/2018) |
| പ്രവൃത്തി ആരംഭിച്ച തീയതി | 11.02.2019 (എം.ബുക്ക് പേജ് നം.1) |
| പൂർത്തിയാക്കിയ തീയതി | 26.03.2019 (എം.ബുക്ക് പേജ് നം.7) |
| കാലതാമസം | 179 ദിവസങ്ങൾ (25 ആഴ്ചകൾ) |
| കരാർ തുക | ₹496019/- |
| ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | 496019 X 25 X .1/100 = ₹12,400/- |

II)മണ്ടമല ചുങ്കം റോഡ് ടാറിംഗ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0063/19 |
| അടങ്കൽ | 500000/- രൂപ (തനത് ഫണ്ട്) |
| ചെലവ് | ₹454373/-[CBV. 10/02, 27/02/2019 |
| എം. ബുക്ക് നമ്പർ | 139/18-19 |
| കരാറുകാരൻ | ശ്രീ. വി.പി. സെയ്തലവി |
| കരാറുടമ്പടി നമ്പർ | 94/17-18, 28/03/2018 |
| പൂർത്തികരണ കാലാവധി | 6 മാസം (27/09/2018) |
| പ്രവൃത്തി ആരംഭിച്ച തീയതി | 23.01.2019<br>(എം. ബുക്ക് പേജ് നം. 4) |
| പൂർത്തിയാക്കിയ തീയതി | 23.02.2019<br>(എം.ബുക്ക് പേജ് നം.10) |
| കാലതാമസം | 148 ദിവസങ്ങൾ (21 ആഴ്ചകൾ) |
| കരാർ തുക | ₹454373/- |
| ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | 454373 X 21 X.1/100 = ₹9542/- |

III) 12-)o പാലം നരിക്കോട് മുക്ക് റോഡ് മെയിന്റനൻസ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0075/19 |
| അടങ്കൽ | 400000/- രൂപ (തനത് ഫണ്ട്) |
| ചെലവ് | ₹321719/-[CBV. 59/03, 28/03/2019 |
| എം. ബുക്ക് നമ്പർ | 358/18-19 |
| കരാറുകാരൻ | ശ്രീ. വി.പി. സെയ്തലവി |
| കരാറുടമ്പടി നമ്പർ | 101/17-18, 28/03/2018 |
| പൂർത്തികരണ കാലാവധി | 6 മാസം (27/09/2018) |
| പ്രവൃത്തി ആരംഭിച്ച തീയതി | 11.03.2019 (എം. ബുക്ക് പേജ് നം. 4) |
| പൂർത്തിയാക്കിയ തീയതി | 22.03.2019 (എം. ബുക്ക് പേജ് നം. 7) |
| കാലതാമസം | 175ദിവസങ്ങൾ (25ആഴ്ചകൾ) |
| കരാർ തുക | ₹3,99,993/- |
| ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | 399993 X 25 X .1/100 = ₹10000/- |

IV)ചെമ്പട്ടിവയൽ റോഡ് കോൺക്രീറ്റ്, അരിക് സംരക്ഷണം, മണ്ണ് ഫില്ലിംഗ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0055/19 |
| അടങ്കൽ | 10,00,000/-രൂപ (തനത് ഫണ്ട്) |
| ചെലവ് | ₹9,29,321/-<br>[CBV. 02/03, 05/03/2019 |
| എം. ബുക്ക് നമ്പർ | 193/18-19 |
| കരാറുകാരൻ | ശ്രീ. ഷിഹാബ് കെ.കെ. |
| കരാറുടമ്പടി നമ്പർ | 60/17-18, 02/02/2018 |
| പൂർത്തികരണ കാലാവധി | 31.3.2018 |
| പ്രവൃത്തി ആരംഭിച്ച തീയതി | 05.10.2018 (എം. ബുക്ക് പേജ് നം. 1) |
| പൂർത്തിയാക്കിയ തീയതി | 15.02.2019(എം. ബുക്ക് പേജ് നം.12) |
| കാലതാമസം | 321 ദിവസങ്ങൾ (45 ആഴ്ചകൾ) |
| കരാർ തുക | ₹9,57,722/- |
| ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | 957722 X 45 X .1/100 = ₹43,097/- |

കരാർ ലംഘനം നടത്തിയ കരാറുകരിൽ നിന്ന് ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-30 ഹരിതകർമ്മസേനയുടെ രശീതി ബുക്ക് ഉപയോഗത്തിലെയും യൂസർഫീസ് പിരിവിലെയും

# അപാകതകൾ.

.തദ്ദേശ സ്വയംഭരണ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന. സർക്കാർ ഉത്തരവ് സാധാ നം./24/20/2017 ത.സ്വ.ഭ.വ തിയ്യതി 15/07/2017 പ്രകാരമാണ് ഓരോ തദ്ദേശ സ്വയംഭരണ പ്രദേശത്തും ഹരിതകർമ്മസേന രൂപീകരിക്കേണ്ടത്. ഓരോ തദ്ദേശ സ്വയംഭരണ കേന്ദ്രത്തിലെയും ഹരിത കേരളാ മിഷനും ഉപമിഷൻ കർമ്മസമിതിയും എല്ലാ വാർഡുമെമ്പർമാരും യോഗം ചേർന്ന് ഹരിതകർമ്മസേന രൂപീകരിക്കേണ്ടതും ഹരിതകർമ്മസേന രൂപീകരണശേഷം ജനങ്ങളുടെ സമ്പൂർണ്ണ സഹകരണം ഉറപ്പുവരുത്തുന്നതിനായി ഓരോ ഭവനത്തിലും മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെ സന്ദേശവും മാലിന്യ സർവ്വേയുടെ വിശദാംശങ്ങളും എത്തിക്കേണ്ടതും കാര്യക്ഷമമായ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് മാലിന്യ സർവ്വെ നടത്തേണ്ടതുമാണ്. ഇതിനാവശ്യമായ പരിശീലനം ഹരിതകർമ്മസേനയ്ക്ക് ഹരിതസഹായ സ്ഥാപനം നൽകേണ്ടതും ഈ സർവ്വേയിലൂടെ ലഭിച്ച വിവരങ്ങൾ ഹരിത സഹായ സ്ഥാപനത്തിന്റെ വിദഗ്ദർ ക്രോഡീകരിച്ച് ശില്പശാലയിൽ അവതരിപ്പിക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണസ്ഥാപന ഭരണസമിതിയുടെ അംഗീകാരം ലഭിച്ചശേഷം മാലിന്യ സംസ്കരണ പരിപാടി ആരംഭിക്കാവുന്നതും ഇങ്ങനെയുള്ള സേവനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം തീരുമാനിക്കുന്ന യൂസർ ഫീസ് ഈടാക്കാവുന്നതുമാണ്.

2018-19 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് ഹരിതകർമ്മസേനയുടെ യൂസർ ഫീ പിരിവ് പരിശോധിച്ചപ്പോൾ (സമയപരിമിതി മൂലം പൂർണ്ണമായും പരിശോധിക്കാൻ സാധിച്ചിട്ടില്ല) താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

<u>1.അച്ചടിച്ച മാന്വൽ രശീതികൾ ക്രമ പ്രകാരം സ്റ്റോക്കിൽ എടുത്തിട്ടില്ല.</u>

500 രശീതി ബുക്കുകൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ടെങ്കിലും രശീതി ബുക്കുകളുടെ നമ്പർ, ആർക്കാണ് വിതരണം ചെയ്തത് എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

<u>2.പിരിച്ചെടുത്ത യൂസർഫീസ് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.</u>

ജൂലൈ, ആഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ യൂസർഫീ പിരിച്ച സംഖ്യ കളക്ഷൻ രജിസ്റ്ററിൽ എഴുതിയിട്ടുണ്ടെങ്കിലും കളക്ഷൻ രജിസ്റ്ററിൽ സാംഖ്യ രശീതിയോ, രശീതി നമ്പറോ പതിച്ചിട്ടില്ലാത്തതിനാൽ പിരിച്ച സംഖ്യ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

<u>3.രശീതി മുഖേന പണം പിരിവ് നടത്തിയിട്ടുണ്ടെങ്കിലും പൂർണ്ണമായും കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല-</u>

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ബുക്ക് നം.22ൽ രശീതി നം.1096 പ്രകാരം പണം പിരിവ് നടത്തിയിട്ടുണ്ടെങ്കിലും കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ബുക്ക് നം.32ൽ രശീതി നം. 1551 മുതൽ 1562 വരെയുള്ള 12 രശീതികളിലായി പണംപിരിച്ചെടുത്തിട്ടുണ്ടെങ്കിലും കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ബുക്ക് നം.37ൽ 1801 മുതൽ 1804 വരെ പണം പിരിവ് നടത്തിയിട്ടുണ്ടെങ്കിലും കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ബുക്ക് നം.32ൽ 27/06/18 തിയ്യതിയിൽ 940/- രൂപ പിരിച്ചെടുത്തിട്ടുണ്ട് എന്നാൽ 580/-രൂപ മാത്രമേ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ.

<u>4.രശീതി ബുക്ക് ക്രമമായും പൂർണ്ണമായും ഉപയോഗിക്കുന്നില്ല-</u>

രശീതി ബുക്ക് പൂർണ്ണമായും ഉപയോഗിച്ച ശേഷം മാത്രമേ അടുത്ത ബുക്ക്

| |
|---|
| എസ്.0025419 |
| ₹2,75,000/- (സംരക്ഷണ ഗ്രാന്റ്) |
| ₹2,75,000/-[CBV. 09/01, 21/01/2019 |
| 188/17-18 (01-18) |
| ശ്രീ. ബേസിൽ മാത്യു |
| 55/17-18, 18/11/2017 |

ഉപയോഗിക്കാവൂ. പല രശീതി ബുക്കുകളിലും രശീതി ലീഫുകൾ പൂർണ്ണമായും ഉപയോഗിക്കാതെ അടുത്ത ബുക്ക് ഉപയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടു.ഉദാ.ബുക്ക് നം.1,6,7,8.

<u>5.ഇഷ്യൂ ചെയ്ത രശീതി ബുക്ക് ഉപയോഗിക്കാതെ അടുത്ത ബുക്ക് ഉപയോഗിക്കുന്നു-</u>

രശീതി ബുക്ക് നം.15, 17,18,21,27 എന്നിവ ഇഷ്യൂ ചെയ്തിട്ടുണ്ടെങ്കിലും അവ ഉപയോഗിക്കാതെ അടുത്ത രശീതി ബുക്ക് ഉപയോഗിക്കുന്നു.ഇഷ്യൂ ചെയ്ത (സ്റ്റോക്കിൽ നിന്നും കുറവുവരുത്തിയ) രശീതി ബുക്കുകൾ ഉപയോഗിച്ച് തിരിച്ചുവാങ്ങിയ ശേഷം മാത്രമേ അടുത്ത രസീതി ബുക്ക് ഇഷ്യൂചെയ്യാവൂ.

6.രശീതികളിൽ തുക രേഖപ്പെടുത്തുമ്പോൾ തുക അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തേണ്ടതാണ്.

7.രശീതി ബുക്കിന്റെ അസ്സൽ കോപ്പി ഓഫീസിൽ സൂക്ഷിക്കേണ്ടതും കാർബൺ കോപ്പി ഉപഭോക്താക്കൾക്ക് നൽകേണ്ടതുമാണ്.

8.യൂസർ ഫീ പിരിക്കുന്നത് വീടുകളിൽ നിന്നാണോ ഹോട്ടലുകളിൽ നിന്നാണോ റിസോർട്ടുകളിൽ നിന്നാണോ എന്ന് രശീതികളിൽ രേഖപ്പെടുത്തേണ്ടതാണ്.

9.ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്യേണ്ടതാണ്.

..

<u>10.രശീതി ബുക്കുകളുടെ ഭൗതീക പരിശോധനയിൽ ഉപയോഗിച്ച എല്ലാ രശീതി ബുക്കുകളും ഹാജരാക്കിയിട്ടില്ല.</u>

രശീതികളുടെ സ്റ്റോക്കിന്റെ ഭൗതീക പരിശോധനയിൽ ഉപയോഗിച്ച രശീതി ബുക്കുകളിൽ 34 ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.(2 ബുക്കുകളുടെ ബുക്ക് നംമ്പർ ഹാജരാക്കിയിട്ടില്ല)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.13/18-19 തിയ്യതി.27/09/19)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഹരിതകർമ്മസേനയുടെ രശീതി ബുക്കുകൾ ഗൗരവമായി കൈകാര്യം ചെയ്യേണ്ടതും യൂസർ ഫീസ് പിരിച്ചു തുടങ്ങിയ തിയ്യതി മുതലുള്ള കണക്കുകൾ വിശദമായി പരിശോധിച്ച് ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

..

## <u>ഭാഗം -4</u>

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 29.05.2019 മുതൽ 01.06.2019 വരെ | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി. പി1-409/19,തിയ്യതി- 22/08/2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 41,94,596 | ലൈഫ് പ്രൊജക്ട് | 38,69,700 | 3,24,896 |
| ബ്ലോക്ക് പഞ്ചായത്ത് | 13,36,284 | | 12,27,462 | 1,08,822 |

ഈ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. കൂടാതെ ചെലവുപത്രികയുമായി വ്യത്യാസമുണ്ട്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കണ്ണൻ ചാത്ത് കുടിവെള്ളപദ്ധതി | 14/18-19/ 26.10.18 | 1,00,000 | 1,00,000 | പൂർണ്ണമായും ചെലവഴിച്ചു. |
| | ചൂണ്ടവയൽ കുടിവെള്ള പദ്ധതി | 21801193/22.03.19 | 1,00,000 | 1,00,000 | --ടി-- |
| | വൈത്തിരി കുടിവെള്ള പദ്ധതി | 21800594/26.10.18 | 1,00,000 | 1,00,000 | --ടി-- |
| | നരിക്കോട്ടുമുക്ക് കുടിവെള്ള പദ്ധതി | 27/18-19/23.03.19 | 1,50,000 | 1,50,000 | --ടി-- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

--ഇല്ല--

# 4-5 വായ്പ/വായ്പാതിരിച്ചടവ്.

K U R D F C യിൽ നിന്നുള്ള ലോൺ തുക -7653477/- രൂപ .തിരിച്ചടവ് തുടങ്ങിയിട്ടില്ല.

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ₹3,34,992/- |
| തൻവർഷം നിക്ഷേപിച്ച തുക | ₹29,312/- |
| ആകെ | ₹3,64,304/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹3,64,304/- |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 64,619/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | രശീത് നമ്പർ തിയ്യതി |
|---|---|---|---|
| 2015-16 | 2.4 | 420 | 118060101605/4/08/18 |
| 2014-15 | 2(1)(2) | 960 | 118060101875/14.09.18 |
| 2001-02 | 4.9 | 1,900 | 118060104642/19.01.19 |
| 2015-16 | 2.4 | 420 | 118060101534/27.07.18 |
| 2015-16 | 2.4 | 569 | 118060101520/25.07.18 |
| 2014-15 | 2.1 | 2,500 | 118060105254/14.02.19 |
| 2014-15 | 2.1 | 600 | 11806010667/19/03/19 |
| 2015-16 | 3.5 | 2,250 | 118060106822/21.03.19 |
| 2009-10 | 3.12 | 55,000 | 118060107151/27.03.19 |

ഈ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2019-17 | 2.7 | 2017-18 | 2 | വൈത്തിരി വില്ലേജ് റിസോർട്ടിലെ വസ്തുനികുതി | നികുതി അടവാക്കാൻ ഡിമാന്റ് |

| | | | | നിർണ്ണയിച്ചതിലെ അപാകതകൾ | നോട്ടീസ് നൽകിയിട്ടുണ്ട്. |
|---|---|---|---|---|---|

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | അടവാക്കിയ തുക (രസീത് നമ്പർ/തീയതി) |
|---|---|---|---|
| 2009-10 | 3.12 | അഭിലാഷ് എസ് അസി. എഞ്ചിനീയർ | ₹55,000/- 118060107151/27/03/19 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹7,90,36,093/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹9,08,75,230/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹13,17,817/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| --ഇല്ല-- | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 2,75,000/- | ശ്രീ. ബിജി. വി.ജി., അസി. എഞ്ചിനീയർ |
| 1-20 | 1,97,895/- | ശ്രീ. ബിജി. വി.ജി., അസി. എഞ്ചിനീയർ |
| 1-23 | 3,44,922/- | ശ്രീ. കെ.ജി. സുധാകരൻ, സെക്രട്ടറി |

| | | |
|---|---|---|
| 1-26 | 5,00,000/- | ശ്രീ. ബിജു. വി.ജി., അസി. എഞ്ചിനീയർ |
| ആകെ | 13,17,817/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| --ഇല്ല-- | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ.ജി. സുകുമാരൻ, സെക്രട്ടറി | സെക്രട്ടറി, വൈത്തിരി ഗ്രാമപഞ്ചായത്ത് | കോവിലേരി – വീട് പുഴമുടി - പി.ഒ[ വയനാട് |
| ശ്രീ. ബിജു. വി.ജി., അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ വൈത്തിരി ഗ്രാമപഞ്ചായത്ത് | ശ്രീ. ബിജു. വി.ജി. വെട്ടിക്കാട്ടിൽ ചെറ്റപ്പാലം, പുൽപ്പള്ളി |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.പി.1-565/15 തിയ്യതി.12/10/15 | |
| 1997-98 | LF(W) P1/109/09 തീയതി 05.02.09 | |
| 1998-99 | LF(W) P3/674/00തീയതി 01/07/19 | |
| 1999-00 | LF(W) P3/84/02തീയതി 01/07/19 | |
| 2000-01 | LF(W) P3/58/05 തീയതി 01/07/19 | |
| 2000-01പ്ലാൻ | LF(W) P3/102/04/03.04.07 | |
| 2001-02 പ്ലാൻ | LF(W) P3/103/04 തീയതി 3.8.06 | |
| 2001-02 | LF(W) P1/254/06 തീയതി 01/07/19 | |
| 2002-03 | LF(W) P1/745/10 തീയതി 01/07/19 | |
| 2004-05 | LF(W) P1/748/10 തീയതി 12.11.10 | |
| 2005-06 | LF(W) P1/699/10 തീയതി 28.10.10 | |
| 2007-08 | LF(W) P1/994/09/തീയതി 01.07.19 | |
| 2008-09 | LF(W) P1/622/10 തീയതി 01.07.19 | |
| 2009-10 | LF(W) P1/299/11 തീയതി 01/07/19 | |
| 2010-11 | LF(W) P1/10/12 തീയതി 01/07/19 | |

| | | |
|---|---|---|
| 2011-12 | LF(W) P1/495/13 തീയതി 01/07/19 | |
| 2012-13 | LF(W) P1/824/14 തീയതി 01/07/19 | |
| 2013-14 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-476/15/01/07/19 | |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-373/16/01/07/19 | |
| 2015-16 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-809/16/01/07/19 | |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-558/17/08/05/19 | |
| 2017-18 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-119/19/14/03/19 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഡബ്ല.വൈ.ഡി. പി1-755(എ)/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി : 03.02.2020.

Phone- 04936 203672

Email- dowyd.ksad@kerala.gov.in.

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4 -)o വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 -)o വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 31/03/2019- ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറിൻെറ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൻെറ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എൻെറ അഭിപ്രായത്തിൽ വൈത്തിരി ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

..

# അനുബന്ധം- 2 ന്യൂനതകളുടെ സംഗ്രഹം

## ന്യൂനതകളുടെ സംഗ്രഹം

1. 24.05.2019 ന് ഓഡിറ്റിന് എ/3116/19 നം. പ്രകാരം സമർപ്പിച്ച 2018-19 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല.
2. 26.06.2018 ലെ കെ.എസ്.എ (ഡബ്ല്യൂ.വൈ.ഡി) പി3-535/18 നമ്പർ പ്രകാരം പുറപ്പെടുവിച്ച വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷികകണക്കുകൾക്കുള്ള സാക്ഷ്യപത്രത്തിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിരുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.
3. ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. ബാലൻസ് ഷീറ്റിലെ ബി-3 ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി തൻവർഷത്തെ വാർഷികകണക്കുകളിൽ ചേർത്തിരിക്കുന്ന തുക ₹22,25,865/-ആണ് എന്നാൽ തൻവർഷം ആസ്തിയിലുണ്ടായിട്ടുള്ള മൂല്യ വർദ്ധനവ് ₹69,42,879/-.
4. കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് രേഖപ്പെടുത്തിയിരിക്കുന്ന ഡിപ്രീസിയേഷന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.
5. ബാലൻസ് ഷീറ്റിലെ ബി-11 (എ) ഷെഡ്യൂളിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ₹ 476620/- രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. താഴെപ്പറയുന്ന അക്കൌണ്ടുകളുടെ 31.03.2019 ലെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | അക്കൗണ്ട് | ബാങ്ക് ബുക്ക് -നീക്കിയിരുപ്പ് | ബാങ്ക് സ്റ്റേറ്റ്മെന്റ് -നീക്കിയിരുപ്പ് |
|---|---|---|---|
| 1 | കാനറാ ബാങ്ക് 80777 Relief Fund | ₹59,043/- | ₹60,053/- |
| 2 | KGB 17636 Haritha Keralam | ₹66,561/- | ₹67,810/- |

..

എ) എസ്.എം.ജി.ബി. 7492 OWN Fund എന്ന അക്കൗണ്ട് ശരിയായ രീതിയിൽ റീകൺസിലേഷൻ ചെയ്തിട്ടില്ല. ₹2,86,278/- Directly credited by bank എന്നും ₹1,86,793/- Directly debited by bank എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 28.03.2018 മുതലുള്ള തുക ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

i) മൂന്ന് മാസത്തിലധികമായ ക്യാഷ് ചെയ്യാത്ത ചെക്കുകളുടെ തുകകൾ കാലാലധി കഴിഞ്ഞ ചെക്കുകൾ (stale cheque)എന്ന ബാധ്യത ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

ii) മൂന്ന് മാസത്തിലധികമായ കളക്ഷനാകാത്ത താഴെ കൊടുത്തിരിക്കുന്ന ചെക്ക്/ഡ്രാഫ്റ്റുകൾക്ക് റിവേഴ്സ് എൻട്രി നടത്തിയിട്ടില്ല.

| ക്രമ നം. | ചെക്ക് /ഡ്രാഫ്റ്റ് നമ്പർ | തീയതി | തുക (₹) |
|---|---|---|---|
| 1 | 608038 | 31.03.2017 | 54,768/- |
| 2 | 86785 | 07.06.2018 | 14,292/- |
| 3 | 589479 | 21.05.2018 | 30,228/- |
| 4 | 863660 | 30.11.2018 | 5,000/- |
| 5 | 967482 | 15.12.2018 | 10,565/- |
| 6 | രേഖപ്പെടുത്തിയിട്ടില്ല | 21.12.2018 | 45,295/- |
| 7 | --ടി-- | 21.12.2018 | 46,282/- |
| 8 | --ടി-- | 21.12.2018 | 33,050/- |
| 9 | --ടി-- | 21.12.2018 | 68,170/- |
| 10 | --ടി-- | 21.12.2018 | 22,305/- |
| 11 | --ടി-- | 24.12.2018 | 44,596/- |

ബി) വൈത്തിരി SCB-2419 സാക്ഷരത എന്ന അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരം ₹612/- നീക്കിയിരിപ്പുണ്ട്. എന്നാൽ ഇങ്ങനെ ഒരു അക്കൗണ്ട് നിലവിലില്ലാ എന്നാണ് അക്കൗണ്ടന്റ് അറിയിച്ചിട്ടുള്ളത്. നിലവിലില്ലാത്ത അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

സി) KGB 16442 ഭവന നിധി എന്ന അക്കൗണ്ടിന്റെ 2018 സെപ്റ്റംബർ മാസം മുതൽ 2019 മാർച്ച് മാസം വരെയുള്ള റിക്കൺസിലേഷനിൽ 28/02/2018 -ൽ ₹2950/- ബാങ്ക് ഡെബിറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2018 ആഗസ്റ്റ് മാസം വരെയുള്ള റിക്കൺസിലേഷനിൽ ഇങ്ങനെ ഒരു തുക ഉണ്ടായിരുന്നില്ല. ആയതിനും പ്രസ്തുത തുകനാളിതുരെ അക്കൗണ്ട് ചെയ്യാത്തതിനും വിശദീകരണം നൽകിയിട്ടില്ല.

7. പഞ്ചായത്ത് ദുരിതാശ്വാസ നിധിയുടെ ബാധ്യതയായി ബാലൻസ് ഷീറ്റിലെ ബി-2 ഷെഡ്യൂളിൽ ₹66,863/- ആണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നാൽ ബി-17 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തി ₹59043/- ആണ്.

8. കെട്ടിട വാടക കുടിശ്ശികയുടെ ഡിമാന്റിൻെറയും ബാലൻസിൻെറയും ഡി.സി.ബി. രജിസ്റ്ററിലെ തുകയും വാർഷിക കണക്കുകളുമായി പെരുത്തപ്പെടുന്നില്ല.

| | വാർഷിക കണക്ക് | ഡി.സി.ബി. രജിസ്റ്റർ |
|---|---|---|
| ഡിമാന്റ് | ₹92,403 | ₹1,48,935/- |
| കളക്ഷൻ | ₹92,403 | ₹92,403/- |
| ബാലൻസ് | 0 | ₹56,532/- |

9. മുൻകൂർ രജിസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് നൽകിയ മുൻകൂറുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10. ബി-4 ഷെഡ്യൂളിൽ ബാധ്യത ആയി രേഖപ്പെടുത്തിയിട്ടുള്ള എം.എൻ.ആർ.ഇ.ജി.എ, ബി.ആർ.ജി.എഫ്, WGDP, ക്ലീൻ കേരള , പൂക്കോട് റിഹാബിലിറ്റേഷൻ, സാക്ഷരത എന്നിവ ഒഴികെയുള്ളവയ്ക്ക് പ്രത്യേക ബാങ്ക് അക്കൌണ്ടുകളില്ല. തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളള്ള പ്രസ്തുത ഫണ്ടുകൾക്ക് എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഫണ്ടുകളുടെയും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന്റെയും നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.

11. വികസന ഫണ്ടിന്റെയും (പൊതുവിഭാഗം) ജനറൽ പർപ്പസ് ഗ്രാന്റിന്റെയും വരവ് ചെലവുകൾ എ.സി.ആറുമായി പെരുത്തപ്പെടുന്നില്ല.

| ഫണ്ട് | വാർഷിക കണക്കുകൾ | | | എ.സി.ആർ | | |
|---|---|---|---|---|---|---|
| | വരവ് | ചെലവ് | ബാക്കി | വരവ് | ചെലവ് | ബാക്കി |
| വികസന ഫണ്ട് (പൊതുവിഭാഗം) | 14641660 | 14641660 | 0 | 14747193 | 14747193 | 0 |
| ജനറൻ പർപ്പസ് ഗ്രാന്റി | 5900748 (OB-702838) | 6578805 | 24781 | 7972181 | 18461158 | (-)10488977 |

12. സെക്രട്ടറിയുടെ ട്രഷറി ബിൽ നം. 26/18-19 തീയതി 13.03.2019 പ്രകാരം ₹30000/- വിധവയുടെ പെൺമക്കളുടെ വിവാഹ ധനസഹായം എന്ന ഇനത്തിൽ (ബി. ഫണ്ട്) ചെലവു നടത്തിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കുകളിൽ (I & E and R/P) ഈ ഇനത്തിൽ വരവ്-ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

13. സാമ്പത്തിക വർഷം അവസാനം പാസ്സാകാത്ത ട്രഷറി ബില്ലുകൾക്ക് ബാലൻസ് ഷീറ്റിൽ ബാധ്യത രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.